
03
2021
നവംബർ
ബുധൻ
1197
തുലാം 18

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 179 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-179 പേജ് 4. വില 2.00 രൂപ




02 മരട് ഫ്ളാറ്റ്: ഉടമകൾക്ക് 91 കോടി രൂപ തിരിച്ചുനൽകി

03 കാഴ്ചപരിമിതരായ അധ്യാപകർക്കുള്ള ജിസ്യൂട്ട് പരിശീലനം തുടങ്ങി

04 മലയാള ഭാഷാ സഹായ സാങ്കേതിക വിദ്യ മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു

## മൽസ്യവിപണനം നടത്തുന്ന സ്ത്രീകൾ തീരസമൂഹത്തിന്റെ മുഖങ്ങൾ: സുസപാക്യം മെത്രാപ്പോലീത്ത

**യേശുദാസ് വില്യം**

ഇന്ത്യൻ പ്രധാനമന്ത്രി പത്രോസിന്റെ സിംഹാസനത്തിലിരിക്കുന്ന പരിശുദ്ധ മാർപ്പാപ്പയെ നേരിൽ കാണുകയും,നമ്മുടെ നാട്ടിലേക്കു ക്ഷണിക്കുകയും സ്നേഹാശ്ലേഷം കൈമാറുകയും ചെയ്ത നാളിൽ ഇവിടെ നമ്മുടെ കൊച്ചു കേരളത്തിൽ ക്രസ്ത്യൻ സഭയുടെ ഏറ്റവും വലിയ വിഭാഗത്തെ നയിക്കുന്ന ലത്തീൻ അതിരുപതയുടെ മെത്രോപ്പോലീത്ത സുസപാക്യം മൽസ്യതൊഴിലാളി സ്ത്രീകളുടെ ദുഖങ്ങളും ദുരിതങ്ങളും പങ്കു വെയ്ക്കുകയായിരുന്നു.തിരുവനന്തപുരം അതിരൂപതയുടെ കീഴിലുള്ള ടിഎസ്സഎസ്സ്എസ്സിന്റെ ആഭിമുഖ്യത്തിൽ അതിരൂപതഫിഷറീസ് മിനിസ്ട്രി സംഘടിപ്പിച്ച ചടങ്ങിൽ മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന ചടങ്ങായിരുന്നു വേദി.കേരളത്തിന്റെ തെക്കേ അറ്റത്തുള്ള ഇരയിമ്മൻതുറൈ കടപ്പുറത്ത് കഷ്ടപ്പെട്ടു പഠിച്ചു വളർന്ന ബാല്യവും,മീനിന്റെയും കടപ്പുറത്തിന്റെയും ഗന്ധവും കാറ്റുമേറ്റു വളർന്ന നാളുകളും തിരുമേനി പങ്കുവെച്ചു.

തിരുവനന്തപുരം അതിരൂപതയിലെ അഞ്ചുതെങ്ങ് മുതൽ ഇരയിമ്മൻതുറൈ വരെയുള്ള ഫെറോനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നിർദ്ധനരായ മൽസ്യവിപണനം നടത്തുന്ന സ്ത്രീകളായിരുന്നു സദസ്സിലെ കേൾവിക്കാർ.വേദിയിൽ സുസപാക്യം പിതാവിനൊപ്പംഅതിരൂപത ഫിഷറീസ് മിനിസ്ട്രിയുടെ അദ്ധ്യക്ഷനായ ഫാദർ ഷാജിൻജോസ് അച്ചനും,പിന്നീട് മൽസ്യവിപണന ഫോറത്തിന്റെ പ്രതിനിധികളായി രണ്ടു സ്ത്രീകളും മാത്രം .അദ്ധ്യക്ഷ പ്രസംഗത്തിനായി മൈക്ക് കൈയ്യിലെടുത്ത് പോഡിയത്തിന്റെ മറയിൽ നിന്നു മാറി സദസ്സിനടുത്തേക്ക് വന്നു കൊണ്ടായിരുന്നു ബിഷപ്പിന്റെ




പ്രസംഗം.പതിവിൽ നിന്നും ബിഷപ്പ് വൈകാരികമായി സംസാരിച്ചു.മൽസ്യമേഖലയിൽ നിന്നും ഉയർന്നുവന്ന ആളെന്നതിൽ പിതാവ് അഭിമാനം കൊണ്ടു.മൽസ്യം വിൽക്കാൻ പോകുന്നവർ ക്രസ്തീയമൂല്യം ഉയർത്തിപിടിക്കണമെന്നും നിങ്ങളാണ് ഈ സമൂഹത്തിന്റെ മുഖങ്ങളെന്നും ബിഷപ്പ് പറഞ്ഞു.ഇരയിമ്മൻതുറൈയിൽ നിന്നും കൗമാരകാലം പിന്നിട്ടപ്പോൾ തന്നെ ദൈവവിളിയിൽ ആകൃഷ്ടനായി മുന്നോട്ടു പോയ ബിഷപ്പ് തന്റെ ബാല്യ കൗമാര കാലത്തെ ഓർമ്മകൾ പങ്കുവെച്ചു.തന്റെ അമ്മ മൽസ്യകച്ചവടം നടത്തിയിരുന്നില്ല.എന്നാൽ അമ്മാമ്മ മൽസ്യകച്ചവടത്തിനായി പോയിരുന്നു.കുട്ടയും പാളയും തലയിൽ ചുമന്നായിരുന്നു കച്ചവടത്തിനു പോയിരുന്നത്.തുരിച്ചു വരുമ്പോൾ അമ്മാമ്മയുടെ കുട്ടയിൽ മധുരക്കിഴങ്ങും,പലഹാരങ്ങളും തിരയുമായിരുന്നു.അക്കാലത്ത് മീനുണക്കുവാനും മറ്റും ഞാൻ സഹായിക്കുമായിരുന്നു.വീട്ടിൽ മീൻതൊട്ടി ഉണ്ടായിരുന്നു.ഇതുപോലെ മഴക്കാലത്ത് ജോലികഴിഞ്ഞ് മീൻ തൊട്ടിക്കടുത്തു തന്നെ കിടന്നുറങ്ങി പോയിട്ടുണ്ട്.സദസ്സിലെ ഉറക്കെയുള്ള ചിരിയുടെയും കൈയ്യടികളുടെയും ഇടയിൽ ബിഷപ്പ് പറഞ്ഞു.

പ്രധാനമന്ത്രി മാർപ്പാപ്പയെ കണ്ടകാര്യം പറഞ്ഞ പിതാവ് വിശുദ്ധനായ ജോൺപോൾ രണ്ടാമനെ കണ്ടതും ഒന്നിച്ചുണ്ടായിരുന്ന നിമിഷങ്ങളും റോമിലെ ത്താഴവിരുന്നുകളെക്കുറിച്ചും മൽസ്യത്തൊഴിലാളികളായ അമ്മമാരോടു പറഞ്ഞു.ഇനി റിട്ടയർമെന്റോയി നിങ്ങളോടൊപ്പം ചരുവവുമായി മൽസ്യം വിൽക്കാൻ വരണമെന്നുണ്ട് അമ്മമാരുടെ കുട്ടച്ചിരികൾക്കും കൈയ്യടികൾക്കുമിടയിൽ പിതാവ് പറഞ്ഞു.മൽസ്യ കച്ചവടത്തിനായുള്ള ചരുവം,ഇരിക്കുവാനുള്ള സ്റ്റൂൾ എന്നിവ വിതരണം ചെയ്തു.ഇതിനു മുൻപ് മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് കച്ചവടത്തിനായി ഇരു ചക്രവഹനവും മൽസം സംഭരിച്ചു കൊണ്ടു പോകുവാനുള്ള ബോക്സും നൽകിയിരുന്നു.



## ചെറിയാന്റെ പുന:പ്രവേശത്തിന് ഒരു ചൊറിയൻ പിൻകുറിപ്പ്




ചെറിയാൻ ഫിലിപിനെ കോൺഗ്രസുകാരും പിന്നീട് സിപിഎം കാരും 'ചൊറിയൻ ഫിലിപ് ' എന്നു വിളിക്കുന്നത് നേരിട്ടു കേട്ടിട്ടുണ്ട്.എന്നാൽ എനിക്കങ്ങിനെ വിളിക്കാൻ തോന്നിയിട്ടില്ല.കാരണം ഒരിക്കലും എന്നെ അദ്ദേഹം ചൊറിഞ്ഞിട്ടില്ല.ഞാൻ അദ്ദേഹത്തെയും.എന്നാൽ കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ 'തറവാട്ടി' ലേക്കുള്ള മടക്കയാത്ര കണ്ടപ്പോൾ എനിക്ക് അദ്ദേഹത്തെയൊന്നു ചൊറിയണമെന്നു തോന്നി.കുഴപ്പം അദ്ദേഹത്തിന്റേതല്ല.പൂർണ്ണമായും എന്റേതാണ്.കാരണം എന്റെ ജനിതകത്തിൽ ചൊറിതണത്തിന്റെ ഡിഎൻഎ എങ്ങിനെയോ കടന്നുകൂടിയിട്ടുണ്ട്.ആർഎൻഎയുടെ കാര്യം അത്ര നിശ്ചയമില്ല.ഇക്കാര്യത്തിൽ ഖണ്ഡിതമായ അഭിപ്രായം പറയേണ്ടത് ഡബിൾ ഹെലിക്ക്ഡ് മോഡൽ കണ്ടുപിടിച്ച വാട്സനും കൂടെയാണ്. പരലോകത്തുള്ള അവരുടെ മൊബൈൽ നമ്പർ അറിയാവുന്നവർക്ക് വേണമെങ്കിൽ നേരിട്ടു വിളിച്ച് സംശയനിവൃത്തി വരുത്താവുന്നതാണ്.എന്തായാലും എനിക്ക് അത്തരം മഹാനുഭാവൻമാരുമായി ഒരു പരിചയവുമില്ല.

ചെറിയാനു കിട്ടിയ ഏറ്റവും വലിയ സർട്ടിഫിക്കറ്റ് സഖാവ് ഇഎംഎസ് നമ്പൂതിരിപ്പാട് നൽകിയതാണന്നും അത് അദ്ദേഹത്തിന്റെ മുറിയിൽ ചില്ലിട്ടു സൂക്ഷിച്ചിട്ടുണ്ടെന്നും കേട്ടിട്ടുണ്ട്.കേട്ടുകേൾവിയാണ് തെറ്റുണ്ടെങ്കിൽ സദയം ക്ഷമിക്കണം. 'മോഹമുക്തനായ കോൺഗ്രസുകാരൻ' എന്നാണ് മേപ്പടി ലാമിനേറ്റഡ് കോപ്പിയിൽ സഖാവ് കൈയ്യൊപ്പിട്ടിട്ടു സാക്ഷ്യപ്പെടുത്തിയിരിക്കുന്നതെന്നും കിംവദന്തിയുണ്ട്.മാർക്സ്,ഏംഗൽസ്,ലെനിൻ,മാവോ തുടങ്ങിയവരും അദ്ദേഹത്തിന് ഇത്തരം ചില സദ്സേവന രേഖകൾ നൽകിയിട്ടുണ്ടത്രേ..എന്നാൽ അൽപം ചരിത്രബോധവും കാലബോധവുമുള്ളതിനാൽ ഞാൻ അതൊന്നും വിശ്വസിച്ചില്ല.ഇപ്പോൾ അതെല്ലാം വിശ്വസിക്കേണ്ട ഗതികേടിലാണ്.

ആശയടക്കം പുണ്യമെന്ന് ബൈബിളിലും,ദുഖങ്ങളുടെ കാരണം ആശയാണ് എന്നു ബുദ്ധനും പറഞ്ഞതായി കേട്ടിട്ടുണ്ട്.കോൺഗ്രസ്സിൽ മോഹമുക്തൻമാർ ഉണ്ടോ എന്നു ചോദിച്ചാൽ ഒരു മഹാത്മാഗാന്ധി ഉണ്ടായിരിക്കും.ജവഹർലാൽ നെഹ്റുവും സർദാർ പട്ടേലും വരെ പ്രധാനമന്ത്രിയവാൻ ആഗ്രഹിച്ചവരാണ്.ഒരു രാജ്യത്തിന് ഒരു പ്രധാനമന്ത്രി എന്ന സിദ്ധാന്തം അന്നേ നടപ്പിലായതുകൊണ്ട് നെഹ്റുവിനാണു നറുക്ക് വീണത്.പിന്നീട് വൺമാൻ വൺ പോസ്റ്റ് ,വൺ ഫാമിലി ഓൾ പോസ്റ്റ് എന്ന ഉത്തരാധുനീകസിദ്ധാന്തം കോൺഗ്രസ്സ് നടപ്പിലാക്കി.കോൺഗ്രസ്സിൽ ഒരു പാടു കാലം വിറകുവെട്ടലും വെള്ളംകോരലുമായി കഴിഞ്ഞപ്പോഴാണ് ചെറിയാന് മോഹമുക്തിവന്നത്. 'സ്വപ്നമരീചിക വീണു കഴിഞ്ഞാൽ/ ആശയെവിടെ ,നിരാശയെവിടെ ' എന്ന സിനിമാഗാനവും അദ്ദേഹത്തിന് ഓർമ്മ വന്നു.അതോടെ ചെറിയാൻ ചവിട്ടു മാറ്റി.എന്നുവച്ചാൽ,'നരനായിങ്ങെനെ ജനിച്ചുഭൂമിയിൽ', എന്ന വരികൾക്ക് പാഠഭേദം വരുത്തി.'പങ്കജാക്ഷൻ പിണറായി' എന്നു പാടാൻ തുടങ്ങി.

പിന്നെ വച്ചടി വച്ചടി കയറ്റമായിരുന്നു.പലതവണ മൽസരം എന്നാൽ വോട്ടർമാർക്ക് അത്രക്കങ്ങ് ബോധിച്ചില്ല.അതുകൊണ്ടു നീറ്റായും ക്ലീനായും തോറ്റു.പിന്നെ കൈരളിയിൽ അഘണ്ഡപ്രതികരണ യജ്ഞം തുടങ്ങി.എന്തായാലും പങ്കജാക്ഷൻ കടൽവർണ്ണനും വാസുദേവൻ ജഗന്നാഥനുമായ പിണറായി സഖാവ് അദ്ദേഹത്തെ കൈവിട്ടില്ല.കെ.ടി.ഡി.സി ചെയർമാനാക്കി,നവകേരളമിഷൻ ചീഫ് എക്സിക്യൂട്ടിവാക്കി.ഇത്തവണ ഖാദിബോർഡ് ഉപാദ്ധ്യക്ഷനാക്കുവാനായിരുന്നു പരിപാടി.വിണ്ണിൽ നക്ഷത്രങ്ങളോടൊത്തു വിഹരിച്ചിരുന്ന ചെറിയാന് മണ്ണിലിറങ്ങാൻ പറ്റുമോ..?ഖാദിയോട് ്ദ്രേഹത്തിനു പണ്ടേ പുച്ഛമാണ്.അതിനു തെളിവ് കഴിഞ്ഞ ദിവസം ഏ.കെ.ആന്റെണിയെ കാണാൻ ചെന്നപ്പോൾ ധരിച്ചിരുന്ന ഷർട്ടുതന്നെ.ഉപാദ്ധ്യക്ഷസ്ഥാനം ചെറിയാൻ പുറങ്കാലുകൊണ്ടു തട്ടിയെറിഞ്ഞു.ഈ ഏടാകൂടം ആരുടെ തലിയിലാണോ ചെന്നു വീഴുക ?.

ഇരുപതുകൊല്ലം സി.പി.എം സഹയാത്രികനായ ശേഷമാണ് അദ്ദേഹത്തിന് പാർട്ടിയെക്കുറിച്ച് ഗോളം തിരിഞ്ഞത്.എന്നുവെച്ച് ചെറിയാന്റെ ഐക്യു ലെവലിനെ ചോദ്യം ചെയ്യുന്നില്ല.ഈ പാർട്ടിയെക്കുറിച്ച് ഒരു ചുക്കുമറിയില്ലന്ന് പിണറായി സഖാവ് പറഞ്ഞത് സത്യമാണ് എന്നുമാത്രം ബോധ്യമായി.ചെറിയാൻ പലപ്പോഴും ന്യായീകരണ തൊഴിലാളിയായി എന്ന് അദ്ദേഹം തന്നെ പറയുന്നു.ചുമട്ടു തൊഴിലാളി ആയിരുന്നെങ്കിൽ കയറ്റുകൂലിയും ഇറക്കുകൂലിയും അട്ടിക്കാശും നോക്കുകൂലിയുമായി ഇരുപതു വർഷം കൊണ്ട് കോടികൾ സമ്പാദിക്കാമായിരുന്നു.

അതുകൊണ്ട് തറവാട്ടിലേക്കു തിരിച്ചു പോകാനുള്ള തിരുമാനം എന്തുകൊണ്ടും ഉചിതമായി.അവിടെ ആന്റെണിമാമ്മനുണ്ട്,മുല്ലപ്പള്ളമാനുണ്ട്,സുധാകർമാനുണ്ട്,ഇളമാനായ വേണുഗോപാലുണ്ട്.ഗ്രൂപ്പുകൾ പ്രസ്ക്ലബ് മുറ്റത്തും തറവാട്ടുമുറ്റത്തും തിരുവാതിര കളിച്ചുമാണ് ചെറിയാനെ വരവേറ്റത്.അതു കണ്ടപ്പോൾ ഉണ്ടായത് ഇണ്ടലായിരുന്നില്ല ബഹുത് ഖുശിയായിരുന്നു.എന്നാലും തറവാടിന്റെ അവസ്ഥ ഒന്നു നോക്കി അടിയാധാരം കൂടി പരിശോധിച്ച ശേഷം പോരായിരുന്നോ ഈ തിരിച്ചുചാട്ടം എന്നൊരു സംശയം.നാലുകെട്ട്,നൂലുകെട്ട്,താലികെട്ട്,കേസുകെട്ട് എന്നിങ്ങെനെ ചതുർദോഷങ്ങൽ കൊണ്ട് തറവാട് മുച്ചൂടും മുടിഞ്ഞിരിക്കയാണ്.എപ്പോഴാണ് ജപ്തി നോട്ടീസുമായി ആമീനും അധികാരിയും കോൽക്കാരനും വരുന്നതെന്ന് ഒരു തിട്ടവുമില്ല.

സിപിഎം ൽ പോയപ്പോൾ എല്ലേ ഒടിഞ്ഞിട്ടുള്ളു.തറവാട്ടിൽ തിരിച്ചുവരുമ്പോൾ നട്ടെല്ലൊടിയാതെ സൂക്ഷിക്കണം.ഏതായാലും തൽക്കാലത്തേക്ക് ഇടശ്ശേരിയെ മനസ്സിൽ സ്മരിച്ച് 'അധികാരം കൊയ്യണമാദ്യം നാം /അതിനുമേലാവട്ടെ പൊന്നാര്യൻ ' എന്നു പാടിക്കൊണ്ടിരിക്കാം.എൻ.എൻ കക്കാടിന്റെ വരികൂടി ഒർത്താൽ കൊള്ളാം ; അപ്പോൾ ആരെന്തുമെന്തെന്നു മാർക്കറിയാം..?

## സർവെ, റവന്യൂ, രജിസ്ട്രേഷൻ സേവനങ്ങൾ ഒരു പോർട്ടലിൽ ലഭ്യമാക്കാൻ ഡിജിറ്റൽ സർവെ സഹായിക്കും: മുഖ്യമന്ത്രി

സംസ്ഥാനത്ത് സർവെ, റവന്യൂ, രജിസ്ട്രേഷൻ സേവനങ്ങൾ ഒരു പോർട്ടലിൽ ലഭ്യമാക്കാൻ ഡിജിറ്റൽ സർവെ സഹായിക്കമൊവുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഡിജിറ്റൽ സർവെയെ സംബന്ധിച്ച വിവരങ്ങൾ നിയമസഭാ സാമാജികർക്ക് വിശദമാക്കുന്നതിനുള്ള ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു. മുഖ്യമന്ത്രി.

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമികൾക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന നമ്മുടെ ലക്ഷ്യം. അത് സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടിയാണ് ആധുനിക സാങ്കേതിക വിദ്യയായ കോർസ് സംവിധാനം ഉപയോഗിച്ച് കേരളത്തെ ഡിജിറ്റലായി റീ സർവെ ചെയ്യാൻ പോകുന്നത്. സാങ്കേതിക രംഗത്തെ മുന്നേറ്റങ്ങളെ സിവിൽ സർവീസിന്റെ ഉന്നമനത്തിനായി എങ്ങനെ ഉപയോഗപ്പെടുത്താമെന്നതിന്റെ ഭാഗംകൂടിയാണ് ഈ നടപടി. 500 ഓളം സേവനങ്ങൾ ഒറ്റ ഓൺലൈൻ പോർട്ടലിൽ ലഭ്യമാക്കിക്കൊണ്ട് സർക്കാർ സേവനങ്ങൾക്കായി മൊബൈൽആപ്പ് തയാറാക്കിക്കഴിഞ്ഞു. സാധാരണഗതിയിലുള്ള സാങ്കേതിക നടപടികൾ ലഘൂകരിക്കലാണിതിലൂടെ സംഭവിക്കുന്നത്.

സംസ്ഥാനത്ത് 1966 ലാണ് റീസർവെ ആരംഭിച്ചത്. ഇത് ഇനിയും വൈകാൻ പാടില്ലെന്ന തീരുമാനത്തിന്റെ ഭാഗമായാണ് ഇത്തരമൊരു നടപടിയിലേക്ക് നമ്മൾ കടക്കുന്നത്. 1550 വില്ലേജുകൾ അത്യാധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നാലു വർഷത്തിനകം പൂർത്തിയാക്കുകയാണ് ലക്ഷ്യം. ഞഠഗ, ഘഛഞ, ഉഞഛചഋ എന്നിവ ഉപയോഗിച്ചാണ് സർവെ. നാല് വർഷംകൊണ്ട് നാല് ഘട്ടമായി സർവെ പൂർത്തീകരിക്കുകയാണ് ലക്ഷ്യം. കേരളം കുറേകാലമായി ആഗ്രഹിക്കുന്ന കാര്യമാണ് ഡിജിറ്റൽ റീസർവെ പൂർത്തിയായിക്കിട്ടുകയെന്നത്. 807 കോടി രൂപയാണ് ചെലവ് വരുന്നത്. റിബിൽഡ് കേരള വഴി 339.438 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഡിജിറ്റൽ സർവെ പൂർത്തിയാവുന്നതോടെ ഇന്റഗ്രേറ്റഡ് ഭൂരേഖ പോർട്ടൽ പ്രാവർത്തികമാക്കാനാവും. അതിലൂടെ സർവെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ ഒറ്റ പോർട്ടലിൽ ലഭ്യമാക്കാനാവും. കഴിഞ്ഞ് അഞ്ച് വർഷം സംസ്ഥാനത്തുണ്ടായ സമാനതകളില്ലാത്ത വികസനത്തിന്റെ തുടർച്ച ഉറപ്പുവരുത്തുകയാണ് സർക്കാർ ലക്ഷ്യം. അതിന്റെ വിഭവങ്ങളെക്കുറിച്ച് കൃത്യമായ ധാരണ വേഗത്തിൽ തയാറാക്കാൻ ഡിജിറ്റൽ സർവെ സഹായിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. റീ സർവെ നടപടികൾ പൂർത്തിയാക്കാൻ എല്ലാ ജനപ്രതിനിധികളുടെയും സഹായവും മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചു.

വരുന്ന നാല് വർഷംകൊണ്ട് ഈ സർവെ പൂർത്തിയാക്കാനാവുമെന്നും അതിലൂടെ കേരളത്തിൽ ദീർഘകാലമായി നിലനിൽക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട തർക്കങ്ങൾക്കും പ്രശ്നങ്ങൾക്കും ഒരു പരിഹാരം കാണാനാവുമെന്നും പ്രതീക്ഷിക്കുന്നതായി അധ്യക്ഷ പ്രസംഗത്തിൽ റെവന്യൂ മന്ത്രി കെ.രാജൻ പറഞ്ഞു.

നിയമസഭാ സ്പീക്കർ എം.ബി രാജേഷ് മുഖ്യാതിഥിയായി. റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് സ്വാഗതം ആശംസിച്ചു. ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, ഡയറക്ടർ സർവേ ലാൻഡ് റെക്കോർഡ്സ് സീറാം സാംബശിവ റാവു, ലാൻഡ് റവന്യൂ കമ്മീഷണർ കെ.ബിജു, സാമാജികർ തുടങ്ങിയവർ സംബന്ധിച്ചു.

## ഫോൺ എടുക്കുന്നില്ലെന്ന് പരാതി; പരീക്ഷാഭവനിൽ വിദ്യാഭ്യാസ മന്ത്രി മിന്നൽ സന്ദർശനം നടത്തി

തിരുവനന്തപുരം: പരീക്ഷാഭവനിൽ വിളിക്കുന്ന അപേക്ഷകർക്കും പരാതിക്കാർക്കും വേണ്ട വിവരങ്ങൾ ലഭിക്കുന്നില്ലെന്നും പലപ്പോഴും റിസപ്ഷനിൽ ഫോണെടുക്കുന്നില്ലെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി പരീക്ഷാഭവനിൽ മിന്നൽ സന്ദർശനം നടത്തി.

പരീക്ഷാഭവനിൽ എത്തിയ മന്ത്രി റിസപ്ഷനെത്തി അവിടെയുണ്ടായിരുന്ന ജീവനക്കാരനോട് വിവരങ്ങൾ ചോദിച്ചറിഞ്ഞു. മന്ത്രി എത്തിയതറിഞ്ഞ് റിസപ്ഷനിൽ എത്തിയ ഉന്നത ഉദ്യോഗസ്ഥരോട് മന്ത്രി തനിക്ക് ലഭിച്ച പരാതികൾ ചൂണ്ടിക്കാട്ടി. അപേക്ഷകരുടെയും പരാതിക്കാരുടെയും ഫോൺ അറ്റൻഡ് ചെയ്യാൻ കൂടുതൽ ആളുകളെ നിയോഗിക്കണമെന്നും വേണ്ടിവന്നാൽ കൂടുതൽ ടെലഫോൺ ലൈനുകൾ ഇതിനായി ഉപയോഗിക്കണമെന്നും നിർദ്ദേശം നൽകി.

ഇത്തരത്തിലുള്ള പരാതി ഇനിമേൽ ഉണ്ടാകരുതെന്നും അതിനു വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും മന്ത്രി ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു. വേണ്ട നടപടികൾ ഉണ്ടാകുമെന്ന് ഉദ്യോഗസ്ഥർ മന്ത്രിയ്ക്ക് ഉറപ്പു നൽകി.റിസപ്ഷനും പരിസരപ്രദേശങ്ങളും വൃത്തിയാക്കണമെന്ന നിർദേശം കൂടി നൽകിയാണ് മന്ത്രി മടങ്ങിയത്.

## വാഹന മോഷ്ടാക്കൾ അറസ്റ്റിൽ

തിരുവനന്തപുരം: കുമാരപുരം സമ്മർ ക്യാബ്സ് ട്രവൽസിൽ നിന്നും കാറുകൾ മോഷ്ടിച്ച കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തു. നേമം എസ്റ്റേറ്റ് ചരുവിള പുത്തൻവീട്ടിൽ വൈശാഖ്(20), നേമം കാരയ്ക്ക മണ്ഡപം കുളത്തൂർ പുത്തൻ വീട്ടിൽ ഷിയാസ് (23), വട്ടയം സരസ്വതി ഭവനിൽ സുജിത്ത്(26) എന്നിവരെയാണ് മെഡിക്കൽ കോളജ് പൊലീസ് അറസ്റ്റ് ചെയ്തത്.

30 ന് വെളുപ്പിന് രണ്ടു മണിയോടെയാണ് സംഭവം നടന്നത്. സമ്മർ ക്യാബ്സിന്റെ കോമ്പൗണ്ടിൽ പാർക്ക് ചെയ്തിരുന്ന ഇന്നോവ, എർട്ടിക ഇനത്തിൽപ്പെട്ട വാഹനങ്ങളാണ് പ്രതികൾ മോഷ്ട്ടിച്ചത്. ഉടമയായ സതീശന്റെ പരാതിയെ തുടർന്ന് കേസ് രജിസ്റ്റർ ചെയ്ത്, സിസിടിവിയും മൊബൈൽ ടവറും കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതികളെ പല സ്ഥലങ്ങളിൽ നിന്നായി പിടികൂടിയത്. മോഷ്ടിച്ച വാഹനങ്ങൾ തമിഴ്നാട്ടിൽ എത്തിച്ച് പൊളിച്ച് വിൽക്കുകയായിരുന്നു പ്രതികളുടെ ഉദ്ദേശം. പൊലീസ് അന്വേഷണം ഊർജ്ജിതമാക്കിയതോടെ പ്രതികൾ മോഷ്ടിച്ച വാഹനങ്ങൾ പല സ്ഥലങ്ങളിലായി മാറ്റി സൂക്ഷിക്കുകയായിരുന്നു. മോഷണം പോയ ഇന്നോവ, എർട്ടിക വാഹനങ്ങൾ പ്രതികളിൽ നിന്നും കണ്ടെടുത്തു. മെഡിക്കൽ കോളജ് എസ്എച്ച്ഒ പി ഹരിലാലിന്റെ നേതൃത്വത്തിൽ എസ്ഐ പ്രശാന്ത് സിപി, എഎസ്ഐ സാദത്ത്, എസ്സിപി ഓമാരായ ജ്യോതി. കെ. നായർ, രഞ്ജിത്ത് സി പി ഓ മാരായ ബിമൽ മിത്ര, പ്രതാപൻ, രതീഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

# മരട് ഫ്ളാറ്റ്: ഉടമകൾക്ക് 91 കോടി രൂപ തിരിച്ചുനൽകി

സുപ്രീംകോടതി നിർദ്ദേശ പ്രകാരം പൊളിച്ചുനീക്കിയ മരട് ഫ്ളാറ്റിലെ ഉടമകൾക്ക് 91 കോടി രൂപ തിരിച്ചുനൽകി. 2020 ജനുവരിയിലാണ് ഈ ഫ്ളാറ്റ് ഇടിച്ചുനിരത്തിയത്. ഫ്ളാറ്റ് നിർമാതാക്കൾ കെട്ടിട ഉടമകൾക്ക് നൽകിയ 120 കോടി രൂപയിൽ 91 കോടി രൂപയാണ് ഇതിനകം തിരിച്ചുനൽകിയത്. സുപ്രീംകോടതി നിയമിച്ച ജസ്റ്റിസ് ബാലകൃഷ്ണൻ നായർ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് ഇതിന്റെ നടപടികൾ പൂർത്തിയാവുന്നത്. പണം തിരികെ ലഭിക്കാൻ അർഹതയുള്ള 272 ഫ്ളാറ്റുകളിൽ 110 ഫ്ളാറ്റുകളുടെ ഉടമകൾക്ക് അവർ കെട്ടിട നിർമ്മാതാവിന് നൽകിയ പണം പൂർണമായും തിരിച്ചുലഭിച്ചതായും ജസ്റ്റിസ് ബാലകൃഷ്ണൻ നായർ കമ്മിറ്റി അറിയിച്ചു.

ഗോൾഡൻ കായലോരം (37 ഫ്ളാറ്റുകൾ), ജെയിൻ കോറൽ കോവ് (73 ഫ്ളാറ്റുകൾ) എന്നീ ഫ്ളാറ്റ് സമുച്ചയങ്ങളിലെ ഫ്ളാറ്റുകളുടെ ആദ്യ ഉടമകൾ നിർമാതാക്കൾക്ക് നൽകിയ തുക പൂർണമായി തിരിച്ചു നൽകിക്കഴിഞ്ഞു. യഥാക്രമം 13.37 കോടിയും 32.16 കോടിയുമാണ് ഇങ്ങനെ തിരികെ നൽകിയത്.

ആൽഫ സെറിൻ എന്ന ഫ്ളാറ്റ് സമുച്ചയത്തിലെ (76 ഫ്ളാറ്റുകൾ) ഉടമകൾക്ക് ഫ്ളാറ്റുകളുടെ ആദ്യത്തെ ഉടമകൾ നൽകിയ 32.10 കോടി രൂപയിൽ 25.63 കോടി രൂപ തിരികെ ലഭിച്ചിട്ടുണ്ട്. ഇതിൽ 17.50 കോടി രൂപ കേരള സർക്കാർ ഇടക്കാല നഷ്ടപരിഹാരമായി നൽകിയതും, ബാക്കി 8.13 കോടി രൂപ ആൽഫാ വെഞ്ചേഴ്സ് കമ്പനിയിൽ നിന്നും പിരിച്ച് ഫ്ളാറ്റുടമകൾക്ക് കമ്മിറ്റി നൽകിയിട്ടുള്ളതുമാണ്. ബാക്കി തുകയായ 6.47 കോടി രൂപ കെട്ടിട നിർമ്മാതാവിൽ നിന്നും പിരിക്കുന്നതിന് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നിർമ്മാണ കമ്പനിയുടെ തന്നെ ഉടമസ്ഥതയിൽ വല്ലാർപാടത്ത് സ്ഥിതിചെയ്യുന്ന ആൽഫാ ഹൊറൈസൺ എന്ന കെട്ടിടത്തിൽ ഓഫീസുകൾക്ക് ഉള്ള സ്ഥലം വിൽപ്പന നടത്തിക്കൊണ്ടിരിക്കുകയാണ്. അടുത്ത മൂന്ന് നാല് മാസത്തിനുള്ളിൽ ഇത് പൂർത്തീകരിക്കുവാനാകും എന്ന് കരുതുന്നു.

ഈ മൂന്ന് കെട്ടിട നിർമ്മാതാക്കളിൽ നിന്നും വീണ്ടെടുത്ത് ഫ്ളാറ്റുടമകൾക്ക് കമ്മിറ്റി നൽകിയ മൊത്തം തുക 28.41 കോടി രൂപയാണ്. ഇടക്കാല നഷ്ടപരിഹാരമായി കേരള സർക്കാർ നൽകിയ 62.75 കോടി രൂപയ്ക്ക് പുറമെയാണിത്.

നാലാമത്തെ കെട്ടിട നിർമാതാവായ ഹോളിഫെയ്ത്ത് ബിൽഡേഴ്സ് തുകയൊന്നും തന്നെ അടച്ചിട്ടില്ല. കേരള സർക്കാരിന് നൽകേണ്ട 29 കോടി രൂപയും, ഫ്ളാറ്റുടമകൾക്ക് നൽകേണ്ട 22.15 കോടി രൂപയും ഉൾപ്പെടെ 42.15 കോടി രൂപയാണ് ഈ നിർമ്മാതാവ് അടക്കുവാനുള്ളത്. ഹോളിഫെയ്ത്ത് ഠ2ഛ വിലെ 86 ഫ്ളാറ്റുടമകൾക്ക് സർക്കാർ ഇടക്കാല നഷ്ട പരിഹാരമായി നൽകിയ 20 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഈ കെട്ടിട നിർമ്മാതാവിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ പരമാവധി തുക തിരിച്ചു പിടിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എറണാകുളം ജില്ലാ കലക്ടറോട് സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നു. കലക്ടറുടെ റിപ്പോർട്ട് പ്രകാരം ഈ കെട്ടിട നിർമ്മാതാവിന്റെ അസ്സൽ ആസ്തി 7.62 കോടി രൂപ മാത്രമാണ്. നവംബർ 10ന് ഈ കേസിൽ സുപ്രീം കോടതി വീണ്ടും വാദം കേൾക്കും.

ജസ്റ്റിസ് ബാലകൃഷ്ണൻ നായർ അധ്യക്ഷനായ സമിതിയിൽ, റിട്ടയേർഡ് ചീഫ് സെക്രട്ടറി കെ. ജോസ് സിറിയക്, റിട്ടയേർഡ് ചീഫ് എൻജിനിയർ ആർ. മുരുകേശൻ എന്നിവർ അംഗങ്ങളാണ്. റിട്ടയേർഡ് ജില്ലാ ജഡ്ജി എസ്. വിജയകുമാർ ആണ് കമ്മിറ്റിയുടെ സെക്രട്ടറി.




പുതിയ മാതൃകയിലുള്ള റേഷൻകാർഡുകളുടെ വിതരണോദ്ഘാടനം പ്രസ്ക്ലബ് ഫോർത്ത് എസ്റ്റേറ്റ് ഹാളിൽ ഭക്ഷ്യവകുപ്പ് മന്ത്രി അഡ്വ. ജി.ആർ. അനിൽ, ഗതാഗതവകുപ്പ് മന്ത്രി അഡ്വ. ആന്റണി രാജു എന്നിവർ നിർവഹിക്കുന്നു. PRP 498 2021-11-02 AJAY (1).jpg

# എടിഎം കാർഡ് മാതൃകയിൽ റേഷൻ കാർഡുകൾ നിലവിൽവന്നു

തിരുവനന്തപുരം: കാലത്തിന് അനുസരിച്ചുള്ള ചുവടുവയ്പ്പിൽ ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പിന് മുന്നേറ്റം. സംസ്ഥാനത്ത് നിലവിലുള്ള പുസ്തക രൂപത്തിലുള്ള റേഷൻ കാർഡിനു പകരം എടിഎം കാർഡ് മാതൃകയിലുള്ള റേഷൻ കാർഡുകൾ നിലവിൽവന്നു.

കേരളത്തിൽ എവിടെ നിന്നും റേഷൻകാർഡ് ഉടമകൾക്ക് പുതിയ മാതൃകയിലുള്ള റേഷൻ കാർഡുകൾ സ്വന്തമാക്കാനാകും. ഇതിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം ഭക്ഷ്യമന്ത്രി ജി ആർ അനിൽ നിർവഹിച്ചു. തിരുവനന്തപുരം പ്രസ് ക്ലബിൽ നടന്ന ചടങ്ങിൽ ആദ്യ കോപ്പി ഗതാഗതമന്ത്രി ആന്റണി രാജുവിന് കൈമാറിയാണ് മന്ത്രി ഉദ്ഘാടനം നിർവഹിച്ചത്.

പുതിയ റേഷൻ കാർഡുകളെ അടുത്ത നാല് മാസത്തിനുള്ളിൽ സമ്പൂർണ്ണ സ്മാർട്ട് റേഷൻ കാർഡുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കുമെന്ന് മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. സ്മാർട്ട് കാർഡുകളിലേക്ക് റേഷൻ കാർഡുകൾ മാറുമ്പോൾ റേഷൻ കടകൾ വഴി പണമിടപാടുകളടക്കം നടത്താൻ കഴിയും. ഇതുസംബന്ധിച്ച് വിവിധ സ്ഥാപനങ്ങളുമായി സിവിൽ സപ്ലൈസ് വകുപ്പ് ചർച്ച നടത്തിവരികയാണെന്നും മന്ത്രി പറഞ്ഞു.

റേഷൻ കടകൾ വഴി കൂടുതൽ പലവ്യഞ്ജനങ്ങളും, മറ്റ് ഉല്പന്നങ്ങളും വിതരണം ചെയ്ത് കൂടുതൽ ജനോപകാരപ്രദം ആക്കുന്നതിനുള്ള പദ്ധതികൾ തയാറാക്കി വരികയാണെന്നും മന്ത്രി പറഞ്ഞു. ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു അധ്യക്ഷനായി. അഡീഷണൽ ചീഫ് സെക്രട്ടറി ടീക്കാറാം മീണ, സിവിൽ സപ്ലൈസ് ഡയറക്ടർ ഡി സജിത്ത് ബാബു, മോഹനകൃഷ്ണൻ പി വി എന്നിവർ ചടങ്ങിൽ സംസാരിച്ചു.

**പുതിയ എടിഎം കാർഡ് മാതൃകയിലുള്ള റേഷൻ കാർഡ് ലഭിക്കാൻ**

നിലവിലുള്ള പുസ്തക രൂപത്തിലുള്ള കാർഡ്/ ഇ റേഷൻകാർഡുകൾ എടിഎം മാതൃകയിലുള്ള കാർഡുകളാക്കുന്നതിന് അക്ഷയകേന്ദ്രങ്ങളിലൂടെയോ സിറ്റിസൺ ലോഗിൻ വഴിയോ അപേക്ഷ സമർപ്പിക്കാം. അപേക്ഷ സമർപ്പിച്ചാൽ ഉടൻ തന്നെ കാർഡിനുള്ള പിഡിഎഫ് ഡോക്യുമെന്റ് അപേക്ഷകന്റെ ലോഗിൻ പേജിലെത്തും. ഇതിനായി സർക്കാരിന് ഓൺലൈൻ അപേക്ഷ ഫീസ് നൽകേണ്ടതില്ല.

അപേക്ഷകന്റെ മൊബൈൽ ഫോണിലേക്ക് വരുന്ന രഹസ്യ പാസ് വേഡ് ഉപയോഗിച്ച് കാർഡ് പ്രിന്റ് ചെയ്തെടുക്കാം. എന്നാൽ അക്ഷയകേന്ദ്രം വഴി അപേക്ഷിക്കുന്നവരിൽ നിന്നും പ്രിന്റിംഗ്, സർവീസ് ചാർജ്ജടക്കം 65 രൂപ ഈടാക്കും. പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകളും കാർഡിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള അപേക്ഷകളും ഓൺലൈനിലൂടെ മാത്രമേ കഴിയുകയു.

## അസിസ്റ്റന്റ് പ്രൊഫസർ/ റിസർച്ച് ഓഫീസർ: ഡെപ്യൂട്ടേഷൻ

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സ്ഥാപനമായ എസ്.സി.ഇ.ആർ.ടി (കേരള) യിലേക്ക് ഇക്കണോമിക്സ്, പോളിറ്റിക്കൽ സയൻസ്, ഉറുദു, കന്നഡ, ഫിസിക്കൽ എഡ്യൂക്കേഷൻ, ഇംഗ്ലീഷ്, ഇവാല്യൂവേഷൻ, വൊക്കേഷണൽ എഡ്യൂക്കേഷൻ, മാത്തമാറ്റിക്സ്, സംസ്കൃതം, നോൺ ഫോർമൽ എഡ്യൂക്കേഷൻ എന്നീ വിഷയങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ/ റിസർച്ച് ഓഫീസർ തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കും. ഇതിനായി സർക്കാർ സ്കൂളുകൾ, സർക്കാർ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ, സർക്കാർ കോളേജുകൾ, സർക്കാർ ട്രയിനിംഗ് കോളേജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ ജോലി ചെയ്യുന്ന യോഗ്യരായ അധ്യാപകർക്ക് നിശ്ചിത മാതൃകയിൽ അപേക്ഷിക്കാം. വകുപ്പു മേലധികാരികളുടെ എൻ.ഒ.സി സഹിതം ഡിസംബർ 10ന് മുമ്പായി ഡയറക്ടർ, എസ്.സി.ഇ.ആർ.ടി വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 12 എന്ന വിലാസത്തിൽ അപേക്ഷ ലഭിക്കണം. അഭിമുഖം നടത്തിയായിരിക്കും നിയമനത്തിനായുള്ളവരെ തെരെഞ്ഞെടുക്കുന്നത്. വിശദാംശങ്ങൾ എസ്.സി.ഇ.ആർ.ടി വെബ്സൈറ്റിൽ ലഭ്യമാണ്.

## ശുദ്ധമായ ക്ഷീരോല്പാദനത്തിൽ പരിശീലനം

തിരുവനന്തപുരം: ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 9, 10 തീയതികളിൽ ക്ഷീരകർഷകർക്കായി ശുദ്ധമായ ക്ഷീരോല്പാദനം എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ ക്ലാസ്സ് റൂം പരിശീലനം നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് അവസരം. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തി പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താല്പര്യമുള്ളവർ ആറിനു മുമ്പായി 04712440911 എന്ന ഫോൺ നമ്പരിലോ നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി. ഒ, തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ 04712440911 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

# അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിക്ക് അന്താരാഷ്ട്ര പുരസ്ക്കാരം

തിരുവനന്തപുരം: സംസ്ഥാന ടൂറിസം വകുപ്പിൻറെ ഉത്തരവാദിത്ത ടൂറിസം മിഷൻറെ അയ്മനം മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിക്ക് വേൾഡ് ട്രാവൽ മാർക്കറ്റ് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം വൺ ടു വാച്ച് പുരസ്ക്കാരം ലഭിച്ചു. ടൂറിസം മേഖലയിലെ അതിവേഗ വൈവിധ്യവത്കരണം എന്ന വിഭാഗത്തിലാണ് പുരസ്ക്കാരം.

ലണ്ടനിൽ നടന്ന ചടങ്ങിൽ കേരള ടൂറിസം ഡയറക്ടർ ശ്രീ വി ആർ കൃഷ്ണ തേജ പുരസ്ക്കാരം ഏറ്റുവാങ്ങി. 2018 ഏപ്രിൽ മുതൽ 2020 മാർച്ച് 31 വരെ നടന്ന പ്രവർത്തനങ്ങളാണ് അവാർഡിന് പരിഗണിച്ചത്. ഇതോടെ കുമരകത്തിന് പിന്നാലെ കോട്ടയം ജില്ലയിലെ അടുത്ത ഉത്തരവാദിത്ത ടൂറിസം കേന്ദ്രമായി ലോകശ്രദ്ധയിലേക്കെത്തിയിരിക്കുകയാണ് അയ്മനം ഗ്രാമം. അയ്മനം മോഡൽ ആർ ടി വില്ലേജ് പ്രോജെക്ടിനോപ്പം മദ്ധ്യപ്രദേശ് ടൂറിസത്തിൻറെ വുമൺസേഫ് ഡസ്ടിനെഷൻ പ്രോജെക്ടിനും വൺ ടു വാച്ച് അവാർഡ് ലഭിച്ചു.

ഉത്തരവാദിത്ത ടൂറിസം കേരള ടൂറിസത്തിൻറെ മുഖമുദ്രയായി മാറിയതിനുള്ള അന്താരാഷ്ട്ര അംഗീകാരമാണ് അയ്മനം പദ്ധതിക്ക് ലഭിച്ച പുരസ്ക്കാരമെന്ന് സംസ്ഥാന ടൂറിസം മന്ത്രി ശ്രീ പി എ മുഹമ്മദ് റിയാസ് പറഞ്ഞു. കൊവിഡ് പ്രതിസന്ധികളെ അതിജീവിച്ച് തിരിച്ചുവരവിൻറെ പാതയിലുള്ള കേരള ടൂറിസത്തിൻറെ പ്രവർത്തനങ്ങൾക്ക് ഈ പുരസ്ക്കാരം കൂടുതൽ ഊർജ്ജം പകരുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രാദേശിക സമൂഹത്തിന് വികസനകാര്യങ്ങളിൽ ലഭിക്കുന്ന പങ്കാളിത്തം കൂടുതൽ ബലവത്താക്കാൻ ഉത്തരവാദിത്ത ടൂറിസം പദ്ധതിയ്ക്ക് ലഭിച്ച ഈ പുരസ്ക്കാരത്തിലൂടെ സാധിക്കുമെന്ന് ടൂറിസം വകുപ്പ് അഡി. ചീഫ് സെക്രട്ടറി ഡോ. വേണു വി പറഞ്ഞു. സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനൊപ്പം രാജ്യത്തെ മറ്റ് ടൂറിസം കേന്ദ്രങ്ങൾക്ക് മാതൃകയാകാനും പുരസ്ക്കാരലബ്ധി പ്രചോദകമാകുമെന്നും അദ്ദേഹം പറഞ്ഞു.

അയ്മനത്തെ മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമമായി 2020 സെപ്തംബറിൽ മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ പ്രഖ്യാപിച്ചിരുന്നു. മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിയിൽപ്പെട്ട ഒന്നാം ഘട്ടത്തിലെ എല്ലാ പ്രവർത്തനങ്ങളും ആദ്യമായി പൂർത്തിയാക്കിയ പഞ്ചായത്ത് എന്ന നിലയിലാണ് അയ്മനം പഞ്ചായത്തിനെ മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമമായി പ്രഖ്യാപിച്ചത്.

ടൂറിസം വകുപ്പിൻറെ ഭാഗമായ ഉത്തരവാദിത്ത ടൂറിസം മിഷൻറെ നേതൃത്വത്തിൽ അതത് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ സർക്കാർ വകുപ്പുകളുടെ വിവിധ പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. മിഷൻറെ സംസ്ഥാന കോ ഓർഡിനേറ്ററായ കെ രൂപേഷ് കുമാറാണ് 2018ൽ മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്ന പദ്ധതി തയ്യാറാക്കിയത് കേരളത്തിലെ 13 പ്രദേശങ്ങളിൽ ആരംഭിച്ച പദ്ധതി ഇപ്പോൾ കോട്ടയം ജില്ലയിലെ നീണ്ടൂർ, ആർപ്പൂക്കര, എഴുമാന്തുരുത്ത്, തിരുവാർപ്പ് എന്നിവിടങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി അയ്മനത്ത് വിവിധ ഹോംസ്റ്റേകൾ പ്രവർത്തിച്ചു വരുന്നുണ്ട്. 8 ഹോംസ്റ്റേകളുടെ അംഗീകാരനടപടികൾ പുരോഗമിക്കുന്നു. ഉത്തരവാദിത്ത ടൂറിസത്തിൻറെ അനുഭവവേദ്യ പാക്കേജുകളുടെ ഭാഗമായി ഗ്രാമീണ ജീവിതം, പക്ഷി നിരീക്ഷണം, ഗ്രാമ യാത്ര, നെൽപ്പാടങ്ങളിലൂടെ നടത്തം, സൈക്കിൾ സവാരി എന്നിങ്ങനെയുള്ള വിവിധ പാക്കേജുകളാണ് അയ്മനത്ത് നടപ്പാക്കി വരുന്നത്. വനിത ടൂർ കമ്മ്യൂണിറ്റി ടൂർ ലീഡർമാർ നടത്തുന്ന ഈ പാക്കേജുകൾ ഇതിനോടകം ലോകശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു. അയ്മനം ടൂറിസം റിസോഴ്സ് ഡയറക്ടറിയും വിവിധ പ്രചാരണ വീഡിയോകളും തദേശ വാസികളെ ഉൾപ്പെടുത്തി തയ്യാറാക്കി ടൂറിസ്റ്റുകളുടെ ബുക്കിങ്ങ് ഉറപ്പാക്കി . പ്രദേശത്തെ പരമ്പരാഗത ഉത്സവങ്ങളും കലാരൂപങ്ങളും ഉൾപ്പെടുത്തി കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ നിലവിൽ വന്നു.

മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിയിൽപ്പെടുത്തി അയ്മനം പഞ്ചായത്തിൽ ആമ്പൽ ഫെസ്റ്റ് നടത്തുകയും ശിക്കാര മോട്ടോർ ബോട്ട് സംരഭകർക്ക് മികച്ച വരുമാനം ലഭിക്കുകയും ചെയ്തു.

ആർ ടി മിഷൻറെ 2020 മാർച്ചിൽ പൂർത്തിയായ ഒന്നാം ഘട്ടത്തിൽ 617 പ്രദേശവാസികൾക്കു വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുകയും 118 പ്രാദേശിക തൊഴിൽ സംരഭങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. 2020 ജനുവരി 1 ന് പ്രദേശത്തെ ഹൌസ് ബോട്ടുകൾ, ശിക്കാരകൾ, മോട്ടോർ ബോട്ടുകൾ, റിസോർട്ടുകൾ എന്നിവ പ്ലാസ്റ്റിക് വിമുക്തമായി പ്രഖ്യാപിച്ചു. 2020 സപ്തംബർ മുതൽ 2022 മാർച്ച് 31 വരെയാണ് രണ്ടാം ഘട്ടം.

# മലയാള ഭാഷാ സഹായ സാങ്കേതിക വിദ്യ സേവനോപാധികൾ മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു

സംസ്ഥാന ഇലക്ട്രോണിക്സ് ആന്റ് വിവരസാങ്കേതികവിദ്യ വകുപ്പിലെ സ്വയം ഭരണസ്ഥാപനമായ ഐസിഫോസ് സാങ്കേതികവിദ്യയുടെ പ്രാദേശികവൽകരണത്തിനായി വികസിപ്പിച്ച ആറ് സോഫ്റ്റ്വെയറുകളും കാഴ്ച പരിമിതിയുള്ള വിദ്യാർത്ഥികൾക്കാലുള്ള 'അക്ഷി' പദപ്രശ്ന പസിൽ ഉപകരണവും മുഖ്യമന്ത്രി പിണറായി വിജയൻ സമൂഹത്തിന് സമർപ്പിച്ചു.

വിവരസാങ്കേതികവിദ്യ പദകോശത്തിന്റെ പ്രകാശനം മുഖ്യമന്ത്രി ഐ റ്റി പ്രിൻസിപ്പൽ സെക്രട്ടറി ബിശ്വനാഥ് സിൻഹയ്ക്ക് നൽകി നിർവ്വഹിച്ചു. ഐസിഫോസിന്റെ സഹായ സാങ്കേതികവിദ്യ (Assistive Technology) വിഭാഗം കാഴ്ച പരിമിതർക്കായി വികസിപ്പിച്ചെടുത്ത 'അക്ഷി' (AKSHI - Adaptive Knowledge Stimulation Helping Idea) എന്ന പദപ്രശ്ന ഉപകരണം വഴുതക്കാട് കാഴ്ചപരിമിതർക്കായുള്ള സർക്കാർ വിദ്യാലയത്തിലെ പ്രധാന അദ്ധ്യാപകനായ ആബ്ദുൾ ഹക്കീം കെ എം ന് മുഖ്യമന്ത്രി കൈമാറി. ഐസിഫോസിലെ ഭാഷാസാങ്കേതിക വിഭാഗം വികസിപ്പിച്ചെടുത്ത ധൃതി (ദ്വിഭാഷാ ഒസി ആർ), പദകോശം, മലയാള രൂപിമാപഗ്രഥനി, മലയാള സമൂഹമാധ്യമദത്ത വിശകലനം, മലയാള വാക്യ സംഗ്രഹം, മലയാളം അക്ഷരപരിശോധിനി, ആസ്കിയൂണികോഡ് കൺവേർട്ടർ തുടങ്ങിയ സോഫ്റ്റ് വെയറുകളുടെ പോർട്ടലിന്റെ (malayalam.icfoss.org) പ്രകാശനവും നടന്നു.

നിയമസഭാ മന്ദിരത്തിലെ മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ ഐസിഫോസ് ഡയറക്ടർ ഡോ. എലിസബത്ത് ഷേർളി, റജിസ്ട്രാർ ചിത്ര എം എസ്., ഈഗവേണൻസ് വിഭാഗം മേധാവി ഡോ. രാജീവ് ആർ ആർ, സഹായ സാങ്കേതികവിദ്യ വിഭാഗം കൺസൾട്ടന്റ് ജയദേവ് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

# എല്ലാവർക്കും താങ്ങാനാവുന്ന ചെലവിൽ നീതി ലഭ്യമാക്കണമെന്ന് ഉപരാഷ്ട്രപതി

ന്യൂഡൽഹി: എല്ലാവർക്കും താങ്ങാനാവുന്ന ചെലവിൽ നീതി പ്രാപ്യമാക്കാനും കോടതികളിലെ കാലതാമസം കുറയ്ക്കാനും ഉപരാഷ്ട്രപതി ശ്രീ എം വെങ്കയ്യ നായിഡു ആഹ്വാനം ചെയ്തു.

യഥാസമയം നീതി ലഭ്യമാക്കുക എന്നത് നിർണായകമായതിനാൽ കോടതികളിൽ കേസുകൾ കെട്ടിക്കിടക്കുന്നതും കേസുകൾ പരിഹരിക്കുന്നതിലെ അമിതമായ കാലതാമസവും ഒഴിവാക്കാനുള്ള വഴികൾ കണ്ടെത്തേണ്ടതുണ്ടെന്ന് ദാമോദരം സഞ്ജീവയ്യ നിയമ സർവകലാശാല സംഘടിപ്പിച്ച 'ആസാദി കാ അമൃത് മഹോത്സവ്' ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തുകൊണ്ട് ഉപരാഷ്ട്രപതി ശ്രീ നായിഡു പറഞ്ഞു.

കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാനങ്ങളുടെയും ശ്രദ്ധ ജുഡീഷ്യൽ ഒഴിവുകൾ നികത്തുന്നതിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. നിയമനടപടികളുടെ ചെലവ് സാധാരണക്കാരന് നീതിന്യായ വ്യവസ്ഥയുടെ പ്രയോജനം ലഭ്യമാക്കുന്നതിന് തടസ്സമാകരുത്.

ജനങ്ങൾക്ക് വേഗത്തിലുള്ള നീതി ഉറപ്പാക്കാൻ വിവരസാങ്കേതികവിദ്യയുടെ ഉപയോഗത്തിനായി ശ്രീ നായിഡു ആഹ്വാനം ചെയ്തു. ബദൽ തർക്ക പരിഹാര സംവിധാനങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്താനും അദ്ദേഹം ആവശ്യപ്പെട്ടു.

ദാരിദ്ര്യം, ലിംഗവിവേചനം, നിരക്ഷരത, ജാതീയത, അഴിമതി എന്നിവ നിർമ്മാർജ്ജനം ചെയ്യാൻ സ്വാതന്ത്ര്യ സമരത്തിന്റെ മാതൃകയിൽ ഒരു വലിയ ദേശീയ പ്രസ്ഥാനത്തിന്റെ സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. മതത്തിന്റേയോ പ്രദേശത്തിന്റെയോ ഭാഷയുടെയോ മറ്റ് വിഷയങ്ങളുടെയോ പേരിൽ ഭിന്നിപ്പുണ്ടാക്കാൻ ഇന്ത്യയോട് ശത്രുതയുള്ള ശക്തികൾ നടത്തുന്ന ശ്രമങ്ങൾക്കെതിരെയും അദ്ദേഹം മുന്നറിയിപ്പ് നൽകി.

# ഇന്ത്യയുടെ കോവിഡ്19 വാക്സിനേഷനുകളുടെ എണ്ണം106.85 കോടി പിന്നിട്ടു

ന്യൂഡൽഹി : കഴിഞ്ഞ 24 മണിക്കൂറിൽ 52,39,444 ഡോസ് വാക്സിനുകൾ നൽകിയതോടെ, ഇന്ന് രാവിലെ ഏഴ് മണി വരെയുള്ള താത്കാലിക കണക്ക് പ്രകാരം, രാജ്യത്തിതുവരെ നൽകിയ ആകെ വാക്സിനുകളുടെ എണ്ണം 106 .85 കോടി (1,06,85,71,879) പിന്നിട്ടു.1,07,33,024 സെഷനുകളിലൂടെയാണ് ഇത്രയും ഡോസ് വാക്സിൻ നൽകിയത്. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 15,021 പേർ സുഖം പ്രാപിച്ചതോടെ രാജ്യത്താകെ ഇതുവരെ കോവിഡ് മുക്തരായവരുടെ എണ്ണം 3,36,83,581. ആയി. ദേശീയ രോഗമുക്തി നിരക്ക് 98.21 %.

കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും കൂട്ടായ ശ്രമഫലമായി, തുടർച്ചയായി 128ാം ദിവസവും പുതിയ പ്രതിദിന രോഗബാധിതരുടെ എണ്ണം 50,000ത്തിൽ താഴെയാണ്. കഴിഞ്ഞ 24 മണിക്കൂറിൽ ഇന്ത്യയിൽ പുതുതായി രോഗം സ്ഥിരീകരിച്ചത് 10,423 പേർക്കാണ്.

നിലവിൽ രാജ്യത്ത് ചികിത്സയിലുള്ളത് 1,53,776 പേരാണ് . 250 ദിവസത്തെ താഴ്ന്ന നിലയിൽ . നിലവിൽ ചികിത്സയിലുള്ളത് രാജ്യത്തെ ആകെ രോഗബാധിതരുടെ 0.45 ശതമാനമാണ് മാർച്ച് 2020 മുതലുള്ള ഏറ്റവും കുറഞ്ഞ കണക്ക്.

രാജ്യത്തെ പരിശോധനാ ശേഷി ഗണ്യമായി വർദ്ധിപ്പിച്ചതോടെ കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 10,09,045 പരിശോധനകൾ നടത്തി. ആകെ61.02 കോടിയിലേറെ (61,02,10,339) പരിശോധനകളാണ് ഇതുവരെ നടത്തിയത്. പരിശോധനകൾ വർധിപ്പിച്ചപ്പോൾ പ്രതിവാര രോഗസ്ഥിരീകരണ നിരക്ക് നിലവിൽ 1.16ശതമാനമാണ് 39 ദിവസമായി 2% ത്തിൽ താഴെ. പ്രതിദിന രോഗസ്ഥിരീകരണ നിരക്ക് 1.0 3 ശതമാനമാണ്. കഴിഞ്ഞ 29 ദിവസമായി ഇത് 2 ശതമാനത്തിൽ താഴെയും, 64 ദിവസമായി 3 ശതമാനത്തിൽ താഴെയുമാണ്.

അസിസ്റ്റന്റ് പ്രൊഫസർ/ റിസർച്ച് ഓഫീസർ: ഡെപ്യൂട്ടേഷൻ

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സ്ഥാപനമായ എസ്.സി.ഇ.ആർ.ടി (കേരള) യിലേക്ക് ഇക്കണോമിക്സ്, പോളിറ്റിക്കൽ സയൻസ്, ഉറുദു, കന്നഡ, ഫിസിക്കൽ എഡ്യൂക്കേഷൻ, ഇംഗ്ലീഷ്, ഇവാല്യൂവേഷൻ, വൊക്കേഷണൽ എഡ്യൂക്കേഷൻ, മാത്തമാറ്റിക്സ്, സംസ്കൃതം, നോൺ ഫോർമൽ എഡ്യൂക്കേഷൻ എന്നീ വിഷയങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ/ റിസർച്ച് ഓഫീസർ തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കും. ഇതിനായി സർക്കാർ സ്കൂളുകൾ, സർക്കാർ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ, സർക്കാർ കോളേജുകൾ, സർക്കാർ ട്രയിനിംഗ് കോളേജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ ജോലി ചെയ്യുന്ന യോഗ്യരായ അധ്യാപകർക്ക് നിശ്ചിത മാതൃകയിൽ അപേക്ഷിക്കാം. വകുപ്പു മേലധികാരികളുടെ എൻ.ഒ.സി സഹിതം ഡിസംബർ 10ന് മുമ്പായി ഡയറക്ടർ, എസ്.സി.ഇ.ആർ.ടി വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 12 എന്ന വിലാസത്തിൽ അപേക്ഷ ലഭിക്കണം. അഭിമുഖം നടത്തിയായിരിക്കും നിയമനത്തിനായുള്ളവരെ തെരെഞ്ഞെടുക്കുന്നത്. വിശദാംശങ്ങൾ എസ്.സി.ഇ.ആർ.ടി വെബ്സൈറ്റിൽ (ഠഠഠ.രെലൃ േ.സലൃമഹമ.ഴീ.ശി) ലഭ്യമാണ്.

## മാജിക് പ്ലാനറ്റിന് 7 വയസ്സ്

തിരുവനന്തപുരം : മാജിക് പ്ലാനറ്റിന്റെ ഏഴാം വാർഷികാഘോഷത്തിന് തുടക്കം. പ്രിസം പ്രോഗ്രസീവ് ഇന്നൊവേഷൻസ് ഓഫ് സെവൻ മൈൽസ്റ്റോൺസ് ആഘോഷ പരിപാടി സാംസ്കാരിക മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു.

മന്ത്രി ഡിഫറന്റ് ആർട് സെന്ററിലെ ഓരോ വേദികളിലുമെത്തി കുട്ടികൾക്കൊപ്പം ഒരു മണിക്കൂറോളം ചെലവഴിച്ചു. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ അധ്യക്ഷനായി. വാർഷികാഘോഷ പരിപാടികളുടെ ഭാഗമായി പ്രശസ്ത മജീഷ്യൻ പല്ലടം യോനയുടെ ചാപ്ലിൻ മാജിക് ഷോ അരങ്ങേറി. ചലച്ചിത്രതാരം സുരാജ് വെഞ്ഞാറമൂടിന്റെ നേതൃത്വത്തിൽ സ്മൈലി ടൈമും നടന്നു.

മാജിക് അക്കാദമി എക്സിക്യൂട്ടീവ് ഡയറക്ടർ ഗോപിനാഥ് മുതുകാട്, കൗൺസിലർ എം ബിനു, മാജിക് പ്ലാനറ്റ് മാനേജർ ജിൻജോസഫ് എന്നിവർ സംസാരിച്ചു.



തിരുവനന്തപുരം വഴുതക്കാട് കാഴ്ചാ പരിമിതരുടെ വിദ്യാലയത്തിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽപെടുന്ന കാഴ്ചപരിമിതരായ അധ്യാപകരുടെ ജി സ്യൂട്ട് പരിശീലന പരിപാടി മന്ത്രി വി ശിവൻകുട്ടി സന്ദർശിക്കുന്നു

# വ്യവസായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ തോട്ടം മേഖലയ്ക്കും; പ്ലാന്റേഷൻ ഡയറക്ടറേറ്റ് ഉടൻ

വ്യവസായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ തോട്ടം മേഖലക്കും ലഭ്യമാക്കുമെന്ന് വ്യവസായ മന്ത്രി പി. രാജീവ് അറിയിച്ചു. പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണത്തിന്റെ ഭാഗമായി തോട്ടം ഉടമകളുമായി നടത്തിയ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്ലാന്റേഷൻ വ്യവസായ വകുപ്പിനോട് കൂട്ടിച്ചേർത്തതിനെത്തുടർന്നാണ് പുതിയ ഡയറക്ടറേറ്റ് രൂപീകരിക്കുന്നത്.

പ്ലാന്റേഷൻ മേഖലയിലെ തുടർ വികസന സാധ്യതകൾ പ്രയോജനപ്പെടുത്താൻ കോഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സ്പൈസസ് ബോർഡ്, കോഫി ബോർഡ് പ്രതിനിധികൾ, തോട്ടം ഉടമകളുടേയും തൊഴിലാളികളുടേയും പ്രതിനിധികൾ ഉൾപ്പെടുന്നതാവും കമ്മിറ്റി. പുതിയ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കും. കോട്ടയം, കോഴിക്കോട് കേന്ദ്രമാക്കി രണ്ട് മേഖലകൾ ഡയറക്ടറേറ്റിന് കീഴിൽ ഉണ്ടാകും.

തോട്ടം മേഖലയുമായി ബന്ധപ്പെട്ട് ഉയർന്ന നിർദ്ദേശങ്ങൾ പരിശോധിക്കുമെന്ന് മന്ത്രി അറിയിച്ചു. ഇടവിള കൃഷി, ഇക്കോ ടൂറിസം എന്നിവ അനുവദിക്കണമെന്ന തോട്ടമുടമകളുടെ ആവശ്യം പരിശോധിക്കും. സംസ്ഥാനത്തെ തോട്ടങ്ങളുടെ മാപ്പിംഗ് ഉടനെ നടപ്പാക്കും. കാലാവസ്ഥാ വ്യതിയാനം നേരിടാനുള്ള പദ്ധതികൾക്ക് രൂപം നൽകും. തോട്ട വ്യവസായത്തിലെ അനുമതികൾക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തണമെന്നും യോഗത്തിൽ ആവശ്യമുയർന്നു. വ്യവസായമന്ത്രി പി.രാജീവ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, തോട്ടമുടമാ സംഘടനാ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# അന്താരാഷ്ട്ര യാത്ര ഇളവുകൾ പ്രാബല്യത്തിൽ

ന്യൂഡൽഹി: അന്താരാഷ്ട്ര യാത്രികർക്ക് കോവിഡ് വ്യാപനത്തിന്റെ സാഹചര്യത്തിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളിലെ ഇളവുകൾ ഇന്നലെ മുതൽ പ്രാബല്യത്തിൽ വന്നു. രണ്ട് ഡോസ് വാക്സിൻ എടുത്തവർക്ക് ഇനി മുതൽ വിമാനത്താവളങ്ങളിൽ കോവിഡ് പരിശോധനക്കോ ശേഷമുള്ള ഹോം ക്വാറന്റീനോ വേണ്ടിവരില്ല. ലോകാരോഗ്യസംഘടന അംഗീകരിച്ച കോവിഡ് വാക്സിൻ എടുത്തവർക്കാണ് ഇളവ്. സമാനമായ ഇളവുകൾ ഇന്ത്യക്ക് അനുവദിക്കുന്ന രാജ്യങ്ങളിൽ നിന്നുള്ളവർക്കു മാത്രമേ ഇവിടെയും ഇളവുകളുണ്ടാവൂ. മറിച്ചായാൽ ഹോംക്വാറന്റീൻ വേണ്ടിവരും.

അതേസമയം വിമാനം കയറാൻ വരുന്നവർ നെഗറ്റീവ് ആർടിപിസിആർ റിപോർട്ട് ഹാജരാക്കണം. ഫെബ്രുവരി 17നുശേഷം നിലവിൽ വന്ന എല്ലാ ഇതുസംബന്ധിച്ച ഉത്തരവുകളും കേന്ദ്ര സർക്കാർ റദ്ദാക്കി. 2021 ഫെബ്രുവരി 17നാണ് ഇപ്പോൾ നിലവിലുള്ള ഗൈഡ് ലൈൻ ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ചത്. രാജ്യത്തും പുറത്തും കൂടുതൽ പേർക്കും വാക്സിൻ ലഭിച്ചതും ആഗോള കോവിഡ് വ്യാപനത്തിൽ കുറവനുഭവപ്പെട്ടതുമാണ് മാർഗനിർദ്ദേശങ്ങളിൽ ഇളവ് വരുത്താൻ സർക്കാരിനെ പ്രേരിപ്പിച്ചത്.

യാത്രക്കാർ എല്ലാവരും ഒരു സെൽഫ് ഡിക്ലറേഷൻ ഫോം പൂരിപ്പിച്ച് എയർ സുവിധ പോർട്ടലിൽ അപ്ലോഡ് ചെയ്യണം. ഫോം തെറ്റായി പൂരിപ്പിച്ചാൽ നിയമനടപടി നേരിടേണ്ടിവരും. വിമാനത്താവളം വിട്ടശേഷവും എല്ലാവരും 14 ദിവസം സ്വയം നിരീക്ഷണത്തിനു വിധേയമാകണം. ഇത് എല്ലാവർക്കും ബാധകമാണ്.

# കാഴ്ചപരിമിതരായ അധ്യാപകർക്കുള്ള ജിസ്യൂട്ട് പരിശീലനം തുടങ്ങി

തിരുവനന്തപുരം: കാഴ്ച പരിമിതരായ അധ്യാപകർക്കുള്ള ജിസ്യൂട്ട് ഓൺലൈൻ പ്ലാറ്റ്ഫോം പരിശീലനം പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി നേരിട്ട് വിലയിരുത്തി. ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ പരിശീലന പുരോഗതി വഴുതക്കാടുള്ള കാഴ്ച പരിമിതരുടെ ഗവൺമെന്റ് സ്കൂളിലെത്തിയാണ് മന്ത്രി വിലയിരുത്തിയത്. പഠിതാക്കളുമായി ആശയവിനിമയം നടത്തിയശേഷം പരിശീലനത്തിന് കൂടുതൽ സമയം നൽകണമെന്ന ആവശ്യവും മന്ത്രി അംഗീകരിച്ചു. കൈറ്റ് സിഇഒ കെ അൻവർ സാദത്തും മന്ത്രിയോടൊപ്പമുണ്ടായിരുന്നു.

സംസ്ഥാനത്തെ കാഴ്ചപരിമിതിയുള്ള മുഴുവൻ അധ്യാപകർക്കും ഓൺലൈൻ ക്ലാസുകൾ എടുക്കുന്നതിനായി ജിസ്യൂട്ട് പ്ലാറ്റ്ഫോം ഉപയോഗിക്കാനുള്ള പരിശീലനമാണ് കൈറ്റ് ആരംഭിച്ചത്. പതിനാല് ജില്ലകളിലുള്ള 456 അധ്യാപകർക്കാണ് ഇപ്രകാരം പരിശീലനം നൽകുന്നത്. ആധുനിക സങ്കേതങ്ങൾ ഉപയോഗിക്കുന്നതിനും കാഴ്ചപരിമിതി തടസമല്ലാത്ത വിധം 'ഓർക' സ്വതന്ത്ര സോഫ്റ്റ്!വെയർ സ്ക്രീൻ റീഡിംഗ് പോലുള്ളവ നേരത്തെ തന്നെ കൈറ്റ് സ്കൂളുകളിലെ ലാപ്!ടോപ്പുകളിൽ വിന്യസിച്ചിട്ടുണ്ട്. ഇതോടൊപ്പം സ്വതന്ത്രസോഫ്റ്റ്!വെയറിലുള്ള പ്രത്യേക ഐസിടി പരിശീലനവും കാഴ്ചപരിമിതിയുള്ള മുഴുവൻ അധ്യാപകർക്കും നൽകിവരുന്നുണ്ട്.

അധ്യാപകരും കുട്ടികളും നേരിട്ട് വിനിമയം സാധ്യമാക്കുന്ന ഓൺലൈൻ ക്ലാസുകൾക്കുള്ള ജിസ്യൂട്ട് പ്ലാറ്റ്ഫോം പൊതുവിദ്യാലയങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ഹൈസ്കൂൾ വിഭാഗത്തിൽ പത്തുലക്ഷത്തിലധികം കുട്ടികൾക്കും അധ്യാപക!ർക്കും ലോഗിൻ ഐ!!ഡി നൽകുകയും എട്ട് മുതൽ പത്ത് വരെ ക്ലാസുകളിൽ ഓൺലൈൻ പഠനം ആരംഭിക്കുകയും ചെയ്തു. പ്ലസ് ടു വിഭാഗത്തിലെ അധ്യാപക പരിശീലനവും ഈ ആഴ്ച ആരംഭിച്ച് അടുത്ത ആഴ്ചയോടെ പൂ!ർണമാകും.

സംസ്ഥാനത്തെ കാഴ്ച പരിമിതിയുള്ള മുഴുവൻ അധ്യാപകർക്കും ജിസ്യൂട്ട് ഓൺലൈൻ പ്ലാറ്റ്ഫോമിൽ പരിശീലനം നൽകാൻ കൈറ്റ് പ്രത്യേക മൊഡ്യൂൾ സജ്ജമാക്കി. ഇതനുസരിച്ച് കാഴ്ചപരിമിതരായ അധ്യാപകരെക്കൂടി പരിശീലകരാക്കിയാണ് സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലുമുള്ള അധ്യാപകർക്ക് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

മംഗലപുരംതേക്കട വിഴിഞ്ഞം ഔട്ടർ റിംഗ് റോഡ് വികസനം; പാരിസ്ഥിതിക അനുമതി സംബന്ധിച്ച പൊതുതെളിവെടുപ്പ് ഇന്ന്

തിരുവനന്തപുരം: മംഗലപുരം തേക്കട വിഴിഞ്ഞം ഔട്ടർ റിംഗ് റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട പാരിസ്ഥിതിക അനുമതി സംബന്ധിച്ച പൊതു തെളിവെടുപ്പ് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ അധ്യക്ഷതയിൽ ഇന്ന് രാവിലെ 10 മണി മുതൽ സിവിൽ സ്റ്റേഷൻ കോൺഫറൻസ് ഹാളിൽ നടക്കും. പദ്ധതി പ്രദേശത്തെ ജനങ്ങൾക്കും മറ്റ് പരിസ്ഥിതി പ്രവർത്തകർക്കും റോഡ് വികസനത്തെ സംബന്ധിച്ചും ഇതുമായി ബന്ധപ്പെട്ട പാരിസ്ഥിതിക ആഘാതത്തെ കുറിച്ചും അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കാവുന്നതാണ്. മുമ്പ് ഭൂമി ഏറ്റെടുത്തിട്ടുള്ളതോ ഭാവിയിൽ ഏറ്റെടുക്കുന്നതോ ആയ കാര്യങ്ങളുമായി ബന്ധപ്പെട്ടതല്ല പൊതു തെളിവെടുപ്പെന്നും പരിസ്ഥിതി ആഘാത പഠനത്തിന് ആവശ്യമായ അഭിപ്രായങ്ങളും നിർദേശങ്ങളും മാത്രമാണ് ഇവിടെ ചർച്ച ചെയ്യുന്നതെന്നും ജില്ലാ കളക്ടറുടെ ചുമതലയുള്ള എഡിഎം ഇ മുഹമ്മദ് സഫീർ അറിയിച്ചു. ഫോൺ 9526568697.


മുതിർന്ന പൗരന്മാരുടെ പരാതികളിന്മേൽ അദാലത്ത് അഞ്ചിന്

തിരുവനന്തപുരം: ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെയും മെയിന്റനൻസ് ട്രൈബ്യൂണലിന്റെയും ആഭിമുഖ്യത്തിൽ തിരുവനന്തപുരം, വർക്കല, ചിറയിൻകീഴ്, നെയ്യാറ്റിൻകര താലൂക്കുകളിൽ ഉൾപ്പെട്ട വയോജന പരാതികളുടെ അദാലത്ത് അഞ്ചിന് നടത്തും. ജില്ലാ കളക്ടറുടെ കോൺഫറൻസ് ഹാളിൽ സംഘടിപ്പിക്കുന്ന അദാലത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലിൽ നിലവിലുള്ള 100 ഹർജികളാണ് പരിഗണിക്കുന്നതെന്ന് റവന്യൂ ഡിവിഷണൽ ഓഫീസർ അറിയിച്ചു.

തേനീച്ച വളർത്തൽ പരിശീലനത്തിന് അപേക്ഷിക്കാം

തിരുവനന്തപുരം: കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ജില്ലാ ഓഫീസിന് കീഴിൽ തേനീച്ച വളർത്തൽ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. അഞ്ച് ദിവസമാണ് പരിശീലനം. തെരഞ്ഞെടുക്കുന്ന കർഷകർക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ തേനീച്ചക്കൂടുകൾ ലഭിക്കും. ഗുണഭോക്തൃ വിഹിതം മുൻകൂറായി അടയ്ക്കണം. ഫോട്ടോ, റേഷൻ കാർഡ് എന്നിവ സഹിതം ജില്ലാ ഓഫീസിൽ നേരിട്ടെത്തി അപേക്ഷ നൽകണമെന്ന് പ്രോജക്ട് ഓഫീസർ അറിയിച്ചു.

# ചൈനയിൽ വീണ്ടും കോവിഡ് വ്യാപനം രൂക്ഷമാകുന്നു



ബീജിങ്: ചൈനയിൽ വീണ്ടും കോവിഡ് വ്യാപനം രൂക്ഷമാകുന്നതായി റിപ്പോർട്ട്. കോവിഡിന്റെ ഡെൽറ്റ വകഭേദമാണ് ചൈനയിയെ പലഭാഗത്തും പടർന്നുപിടിക്കുന്നതെന്ന് ആരോഗ്യവിദഗ്ധർ അറയിച്ചു. വരും ദിവസങ്ങളിൽ കൂടുതൽ പേർക്ക് രോഗം വരാമെന്നും വിദേശത്തുനിന്നെത്തിയ കോവിഡ് ഡെൽറ്റ വകഭേദമാണ് ചൈനയിൽ ഭീഷണി സൃഷ്ടിക്കുന്നതെന്നും ദേശീയ ഹെൽത്ത് കമ്മിഷൻ ഉദ്യോഗസ്ഥൻ ലിയാങ്യു ബീജിങ്ങിലെ ഉന്നതതല യോഗത്തിൽ പറഞ്ഞു.

ഒക്ടോബർ 17 മുതലാണ് 11 പ്രവിശ്യകളിൽ ഡെൽറ്റ വകഭേദം പടർന്നതെന്ന് ദേശീയ ആരോഗ്യ കമ്മീഷൻ വക്താവ് മി ഫെങ് അറിയിച്ചു. രാജ്യം വിട്ട് യാത്ര ചെയ്തവർക്കാണ് കൂടുതലും രോഗം സ്ഥിരീകരിച്ചത്. വൈറസ് ബാധ റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ കരുതൽ നടപടികൾ സ്വീകരിക്കാൻ അധികൃതർക്ക് കഴിഞ്ഞ ദിവസം അദ്ദേഹം നിർദ്ദേശം നൽകി. ഗൻസു പ്രവിശ്യയിലെ ലാൻഴൗ അടക്കമുള്ള നഗരങ്ങളിൽ പൊതുഗതാഗതം നിരോധിച്ചെന്നും ഗതാഗത മന്ത്രാലയം വ്യക്തമാക്കി. ചൈനയിൽ തിങ്കളാഴ്ച 38 കേസുകളാണ് റിപ്പോർട്ട് ചെയ്തത്, അതിൽ പകുതിയും ഇന്നർ മംഗോളിയയിൽ നിന്നാണ്. മംഗോളിയയുടെ പടിഞ്ഞാറൻ മേഖലയായ എജിനയിൽ ആളുകളോട് പുറത്തിറങ്ങരുതെന്നും യാത്ര ചെയ്യരുതെന്നും പ്രാദേശിക ഭരണകൂടം നിർദേശം നൽകി. ചൈനയുടെ തലസ്ഥാനമായ ബീജിങ്ങിലെ മൂന്ന് ജില്ലകളിലും രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒക്ടോബർ 30ന് നിശ്ചയിച്ച മാരത്തൺ ബീജിങ്ങിൽ നിരോധിച്ചു.

# കോവിഡ് മറവിലും തട്ടിപ്പ്: ചിറയിൻകീഴിലും പരിസര പ്രദേശങ്ങളിലും സംഘം വിലസുന്നു

ചിറയിൻകീഴ്: കോവിഡ് മൂലമുണ്ടാകുന്ന മരണത്തിന് സർക്കാർ ധനസഹായം ലഭിക്കാനായി പരിശോധനാഫലം പോസിറ്റീവാക്കി നൽകാമെന്ന് വാഗ്ദാനം ചെയ്ത് പണം തട്ടുന്ന സംഘം ചിറയിൻകീഴിൽ വിലസുന്നു. സാധാരണ മരണംപോലും കോവിഡ് മരണമാക്കി സർട്ടിഫിക്കറ്റ് വാങ്ങിനൽകുമെന്നാണ് സംഘത്തിന്റെ വാഗ്ദാനം. ഇതുവഴി സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുമെന്ന് ധരിപ്പിച്ചാണ് നാട്ടുകാരെ സമീപിക്കുന്നത്.

ചിറയിൻകീഴിലും പരിസര പ്രദേശങ്ങളിലും നടക്കുന്ന മരണങ്ങൾ അറിഞ്ഞാണ് സംഘം ബന്ധുക്കളെ രഹസ്യമായി സമീപിക്കുന്നത്. കഴിഞ്ഞയാഴ്ച ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ പാലിയേറ്റീവ് കെയറിൽ ചികിത്സയിൽ കഴിഞ്ഞ പാലകുന്ന് സ്വദേശിയായ വയോധികയുടെ മരണത്തോടെയാണ് സംഭവം പുറത്തറിഞ്ഞത്. വയോധികയെ വാർധക്യ സഹജമായ അസുഖത്തെ തുടർന്ന് മെഡിക്കൽ കോളജാശുപത്രിയിൽ ചികിത്സയ്ക്കുശേഷം തുടർ ചികിത്സയ്ക്കായി ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പാലിയേറ്റീവ് കെയറിൽ കഴിയവെ കഴിഞ്ഞ 22ന് രാവിലെ വൃദ്ധ മരിച്ചു.

തുടർന്ന് കോവിഡ് പരിശോധനയ്ക്കായി സ്രവം ശേഖരിച്ച് അയച്ചു. 23ാം തീയതി രാവിലെ പരിശോധനാഫലം വാങ്ങുവാൻ ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ എത്തിയ ബന്ധുക്കളോട് ഫലം വരാൻ ഒരു ദിവസകൂടി വൈകുമെന്ന് അധികൃതർ അറിയിച്ചു. ഈ സംഭവം ആശുപത്രിയിൽ നടക്കുന്ന സമയം മരിച്ചയാളിന്റെ ഭർത്താവിനെ കാണാൻ ഒരാളെത്തുകയും നിങ്ങളുടെ ഭാര്യയുടെ കോവിഡ് പരിശോധന ഫലം നെഗറ്റീവ് ആണ് ഇത് പോസിറ്റീവാക്കി മാറ്റിത്തരാമെന്ന് വാഗ്ദാനം നൽകുകയും ചെയ്തു. കോവിഡ് പരിശോധനാഫലം പോസിറ്റീവായാൽ സർക്കാരിൻ നിന്ന് അൻപതിനായിരം രൂപ ലഭിക്കുമെന്നും അതിൽ നിന്ന് ഞങ്ങൾക്ക് കുറച്ച് പണ നൽകിയാൽ മതിയെന്നുമായിരുന്നു വാഗ്ദാനം. കൂടാതെ മൃതദേഹം വീട്ടിൽ തന്നെ സംസ്കരിക്കുന്നതിനുള്ള ഏർപ്പാടും ചെയ്തുതരാമെന്ന് വന്നയാൾ പറഞ്ഞതായി ബന്ധുക്കൾ പറഞ്ഞു.

എന്നാൽ വയോധികയുടെ ബന്ധുക്കൾ ഇതിനെ എതിർക്കുകയും സംശയം പ്രകടിപ്പിക്കാൻ തുടങ്ങിയതോടും കൂടി അയാൾ സ്ഥലം വിടുകയായിരുന്നു. ഈ സംഭവം കഴിഞ്ഞ് ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ആശുപത്രിയിൽ നിന്ന് നെഗറ്റീവ് സർട്ടിഫിക്കറ്റ് ലഭിക്കുകയും മൃതദേഹം ബന്ധുക്കൾ ഏറ്റുവാങ്ങി വീട്ടുവളപ്പിൽ സംസ്കരിക്കുകയും ചെയ്തു. ചിറയിൻകീഴ് താലൂക്കാശുപത്രി അധികൃതരെ ഇക്കാര്യം അറിയിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും ഇത്തരം കാര്യങ്ങളിൽ അജ്ഞതയുള്ളതുമായ നിരവധിപേരെ കബളിപ്പിക്കാനായി സംഘം സമീപിച്ചതായും സൂചനയുണ്ട്.

# യുഡിഎഫ് സർക്കാർ ഇന്ധനികുതിയിൽ ഇളവ് നൽകിയെന്ന അവകാശവാദം തെറ്റ്

തിരുവനന്തപുരം : കഴിഞ്ഞ യുഡിഎഫ് സർക്കാർ ഇന്ധന നികുതിയിൽ ഇളവു നൽകിയെന്ന അവകാശവാദം പൊള്ളയാണെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. കോവിഡ് കാലത്ത് യുപി, ഗോവ, ഹരിയാന, ചത്തീസ്ഗഡ്, കർണാടക മുതലായ സംസ്ഥാനങ്ങൾ ഇന്ധന നികുതി വർധിപ്പിച്ചപ്പോൾ നികുതി വർധിപ്പിക്കാതിരുന്ന ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ആന്ധ്രാപ്രദേശ്, കർണാടക, മധ്യപ്രദേശ്, ഒഡിഷ, പഞ്ചാബ്, രാജസ്ഥാൻ, തെലങ്കാന മുതലായ സംസ്ഥാനങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന നികുതി കേരളത്തിനേക്കാൾ കൂടുതലാണ്. കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിലും, ഭരണത്തിന്റെ ഭാഗമായുള്ള മഹാരാഷ്ട്രയിലും പെട്രോൾ വില നമ്മളെക്കാൾ വളരെ കൂടുതൽ ആണ്. പെട്രോൾ ഡീസൽ നികുതി നിരക്കിന്റെ കാര്യത്തിലും കേരളം പത്തോളം സംസ്ഥാനങ്ങൾക്കു താഴെയാണ്.

2011 മുതൽ 2015 വരെ മൂന്നു തവണ നികുതി നിരക്കിൽ യുഡിഎഫ് കാലത്ത് കുറവ് വരുത്തി. എന്നാൽ, 13 തവണ പെട്രോളിന്റെ നികുതി കൂട്ടി. 2011 ൽ 26.64 ശതമാനം ആയിരുന്ന നികുതി 2015 ആയപ്പോൾ 31.8 ശതമാനമായി വർധിപ്പിച്ചു. ഡീസലിന് രണ്ടു തവണ നികുതി കുറച്ചു. എന്നാൽ, ആറു തവണ കൂട്ടി. 2011 ജൂണിൽ 22.6 ശതമാനം ആയിരുന്ന നികുതി 2015 ആയപ്പോൾ 24.52 ശതമാനമായി. നികുതി കുറച്ചതുകൊണ്ട് ആ കാലത്ത് 620 കോടി രൂപയുടെ നികുതിയിളവ് നൽകിയ യുഡിഎഫ് സർക്കാർ ആ കാലയളവിൽ നികുതി വർധിപ്പിച്ചതിലൂടെ ഏകദേശം അതിന്റെ നാലിരട്ടി തുക അധിക നികുതിയായി പിരിച്ചെടുത്തു. 2016 ൽ ഇടതു സർക്കാർ ഭരണത്തിൽ വന്ന ശേഷം പെട്രോൾ ഡീസൽ നികുതി നിരക്ക് ഇന്നേവരെ കൂട്ടിയിട്ടില്ല. മാത്രമല്ല, നിലവിലെ നിരക്കുകളിൽ നിന്നും കുറയ്ക്കുകയാണ് ഉണ്ടായത്.

ഒന്നാം പിണറായി സർക്കാരിന്റെ കാലയളവിൽ 2018 ലാണ് പെട്രോളിന്റെ നികുതി 30.08 ശതമാനമായും ഡീസലിന്റെ നികുതി 22.76 ശതമാനമായും കുറച്ചത്. ഇങ്ങനെ നികുതി കുറച്ചതു കാരണം അന്നത്തെ നിരക്കനുസരിച് 509 കോടി രൂപയാണ് നികുതിയിളവായി ജനങ്ങൾക്ക് ലഭിച്ചത്. പെട്രോളിയം വിലക്കയറ്റം കൂടെ കണക്കാക്കിയാൽ ഇതുവരെ കുറഞ്ഞത് 1,500 കോടി രൂപയെങ്കിലും ജനങ്ങൾക്ക് നികുതിയിളവായി നൽകിക്കഴിഞ്ഞതായും ധനമന്ത്രി വ്യക്തമാക്കി.

# നാളികേരത്തിൽ നിന്നും മൂല്യവർധിത സംരംഭങ്ങൾ ആരംഭിക്കാൻ പ്രോത്സാഹനം നൽകും

തിരുവനന്തപുരം: നാളികേരത്തിന്റെ മൂല്യവർധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് കൃഷിമന്ത്രി പി പ്രസാദ് നിയമസഭയെ അറിയിച്ചു. നാളികേരത്തിൽ നിന്നുള്ള ഹെയർ ഓയിൽ, കോക്കനട്ട് ചിപ്സ്, വിനാഗിരി തുടങ്ങിയ മൂല്യവർധിത ഉല്പന്നങ്ങൾ വിപണിയിലിറക്കും. ആറളം ഫാമുമായി സഹകരിച്ച് നീരയുടെ മൂല്യവർധിത ഉല്പന്നങ്ങളും വിപണിയിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് ഉല്പാദനം, വിപണനം തുടങ്ങിയ ഘട്ടങ്ങളിൽ അവരെ സഹായിക്കുന്നതിന് 50 കർഷക ഉല്പാദന സംഘങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള 50 സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും നടപടിയെടുത്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

ലണ്ടൻ, കുവൈത്ത്, സിംഗപ്പൂർ, ദുബൈ എന്നീ രാജ്യങ്ങളിലേക്ക് 45 മെട്രിക് ടൺ വാഴപ്പഴവും പച്ചക്കറികളും വിഎഫ്പിസികെയുടെ നേതൃത്വത്തിൽ കയറ്റുമതി ചെയ്തിട്ടുണ്ട്. കയറ്റുമതിക്കായി എസ്എഫ്എസിയുടെ നേതൃത്വത്തിൽ മൂന്ന് കർഷക കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്. യുവ കർഷക സംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിന് സഹകരണ വകുപ്പിന്റെ സഹായത്തോടെ സംഭരണ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് മുഹമ്മദ് മുഹ്സിൻ, ഇ ചന്ദ്രശേഖരൻ, ഇ ടി ടൈസൺ മാസ്റ്റർ, പി ബാലചന്ദ്രൻ എന്നിവരുടെ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞു.

ഭിന്നശേഷിക്കാരെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി അവർക്കായി പ്രത്യേക പരീക്ഷകളും പ്രത്യേക തസ്തികകളും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമെന്ന് സാമൂഹ്യനീതി വകുപ്പ് മന്ത്രി ആർ ബിന്ദുവിന് വേണ്ടി മന്ത്രി കെ രാധാകൃഷ്ണൻ നിയമസഭയെ അറിയിച്ചു. അവരെ പരീക്ഷകളിൽ വിജയിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും പദ്ധതിയൊരുക്കും. എല്ലാ വകുപ്പുകളിലും അംഗപരിമിതർക്ക് മൂന്നു ശതമാനം സംവരണം എന്നതും നടപ്പാക്കിവരുന്നു.

കോവിഡ് കാലഘട്ടത്തിൽ സംസ്ഥാനത്തിന് പുറത്തുപോയി കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സ നടത്തിയവർക്ക് സഹായധനം ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ട്. ഭിന്നശേഷിക്കാർ കൂടുതൽ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് ആക്കുന്ന കാര്യത്തിൽ കൂടുതൽ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ 374 ഭിന്നശേഷിക്കാരായ കുട്ടികളെ പരിശീലനം നൽകി സാധാരണ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലേക്ക് മാറ്റാൻ കഴിഞ്ഞതായും ഡി കെ മുരളി, പി നന്ദകുമാർ, കെ കെ രാമചന്ദ്രൻ, എ പ്രഭാകരൻ, മുഹമ്മദ് മുഹ്സിൻ എന്നിവരുടെ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതരായ 3014 പേ!ർക്ക് 119.34 കോടി രൂപ നഷ്ടപരിഹാരം അനുവദിച്ചതായി മന്ത്രി ആർ ബിന്ദു നിയമസഭയെ അറിയിച്ചു. ദുരിതബാധിതരുടെ പുനരധിവാസത്തിനായുള്ള മൂളിയാർ പുനരധിവാസ ഗ്രാമത്തിന് തറക്കല്ലിട്ടു. നിർമ്മാണം ഉടൻ ആരംഭിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. സംസ്ഥാനത്ത് 202021ൽ പാൽ സംഭരണം 21.3 ലക്ഷം ലിറ്ററായി വർധിച്ചിട്ടുണ്ടെന്ന് മന്ത്രി ജെ ചിഞ്ചുറാണി നിയമസഭയെ അറിയിച്ചു. 201516ൽ പ്രതിദിനം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നു. 201718 ൽ സംസ്ഥാനത്തെ പാലുല്പാദനം ദേശീയ വളർച്ചാ ശരാശരിയെക്കാൾ വർധനവാണ് രേഖപ്പെടുത്തിയത്. അധിക പാൽ പാൽപ്പൊടിയാക്കുന്നതിന് മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനൊപ്പം മറ്റ് മൂല്യവർധിത പാലുല്പന്നങ്ങളുടെ നിർമ്മാണവും ലക്ഷ്യമിടുന്നുവെന്നും മന്ത്രി പറഞ്ഞു.




റവന്യൂ വകുപ്പ് സമ്പൂർണ്ണ ഡിജിറ്റൽ റീസർവ്വേ ശില്പശാല മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

# ഇന്ന് 6444 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

സംസ്ഥാനത്ത് ഇന്ന് 6444 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. തിരുവനന്തപുരം 990, എറണാകുളം 916, തൃശൂർ 780, കോട്ടയം 673, കോഴിക്കോട് 648, കൊല്ലം 606, പാലക്കാട് 345, ഇടുക്കി 332, മലപ്പുറം 290, കണ്ണൂർ 255, ആലപ്പുഴ 228, പത്തനംതിട്ട 213, വയനാട് 92, കാസർഗോഡ് 76 എന്നിങ്ങനെയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 64,999 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) 10ന് മുകളിലുള്ള 77 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 115 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2,62,454 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 2,55,881 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 4886 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 230 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 45 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 55 മരണങ്ങളും, മതിയായ രേഖകളില്ലാത്തത് കാരണം സ്ഥിരീകരിക്കാതിരുന്ന കഴിഞ്ഞ ജൂൺ 18 വരെയുള്ള 87 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 32,236 ആയി.

# മഞ്ചേരി മെഡിക്കൽ കോളേജിൽ 2 മെഡിക്കൽ പിജി സീറ്റുകൾ കൂടി

മലപ്പുറം മഞ്ചേരി മെഡിക്കൽ കോളേജിൽ രണ്ട് എം.എസ്. ഒഫ്ത്താൽമോളജി സീറ്റുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷൻ അനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. അടുത്തിടെ എം.എസ്. ഇ.എൻ.ടി.യ്ക്ക് 2 സീറ്റുകൾ അനുവദിച്ചിരുന്നു. ഈ വർഷം തന്നെ ഇ.എൻ.ടി. പി.ജി. കോഴ്സുകൾ ആരംഭിക്കാൻ സാധിക്കും. ഇതിലൂടെ ഇ.എൻ.ടി. വിഭാഗത്തിൽ നൂതന ചികിത്സകൾ വരുംകാലങ്ങളിൽ ജനങ്ങൾക്ക് ലഭ്യമാകും.

എം.എസ്. ഒഫ്ത്താൽമോളജി കോഴ്സിന് എത്രയും വേഗം അന്തിമാനുമതി വാങ്ങി ഈ വർഷം തന്നെ അഡ്മിഷൻ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2013ൽ ഈ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. ആരംഭിച്ചെങ്കിലും പിജി സീറ്റുകൾക്ക് അനുമതി ലഭ്യമായത് ഈ വർഷമാണ്. എം.എസ്. ഒഫ്ത്താൽമോളജി കോഴ്സ് ആരംഭിക്കുന്നതോടെ നേത്രരോഗങ്ങൾക്കും വരും കാലങ്ങളിൽ നൂതന ചികിത്സ മെഡിക്കൽ കോളേജിൽ ലഭ്യമാകുമെന്നും മന്ത്രി വ്യക്തമാക്കി.

# വ്യവസായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ തോട്ടം മേഖലയ്ക്കും; പ്ലാന്റേഷൻ ഡയറക്ടറേറ്റ് ഉടൻ

വ്യവസായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ തോട്ടം മേഖലക്കും ലഭ്യമാക്കുമെന്ന് വ്യവസായ മന്ത്രി പി. രാജീവ് അറിയിച്ചു. പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണത്തിന്റെ ഭാഗമായി തോട്ടം ഉടമകളുമായി നടത്തിയ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്ലാന്റേഷൻ വ്യവസായ വകുപ്പിനോട് കൂട്ടിച്ചേർത്തതിനെത്തുടർന്നാണ് പുതിയ ഡയറക്ടറേറ്റ് രൂപീകരിക്കുന്നത്.

പ്ലാന്റേഷൻ മേഖലയിലെ തുടർ വികസന സാധ്യതകൾ പ്രയോജനപ്പെടുത്താൻ കോഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സ്പൈസസ് ബോർഡ്, കോഫി ബോർഡ് പ്രതിനിധികൾ, തോട്ടം ഉടമകളുടേയും തൊഴിലാളികളുടേയും പ്രതിനിധികൾ ഉൾപ്പെടുന്നതാവും കമ്മിറ്റി. പുതിയ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കും. കോട്ടയം, കോഴിക്കോട് കേന്ദ്രമാക്കി രണ്ട് മേഖലകൾ ഡയറക്ടറേറ്റിന് കീഴിൽ ഉണ്ടാകും.

തോട്ടം മേഖലയുമായി ബന്ധപ്പെട്ട് ഉയർന്ന നിർദ്ദേശങ്ങൾ പരിശോധിക്കുമെന്ന് മന്ത്രി അറിയിച്ചു. ഇടവിള കൃഷി, ഇക്കോ ടൂറിസം എന്നിവ അനുവദിക്കണമെന്ന തോട്ടമുടമകളുടെ ആവശ്യം പരിശോധിക്കും. സംസ്ഥാനത്തെ തോട്ടങ്ങളുടെ മാപ്പിംഗ് ഉടനെ നടപ്പാക്കും. കാലാവസ്ഥാ വ്യതിയാനം നേരിടാനുള്ള പദ്ധതികൾക്ക് രൂപം നൽകും. തോട്ട വ്യവസായത്തിലെ അനുമതികൾക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തണമെന്നും യോഗത്തിൽ ആവശ്യമുയർന്നു. വ്യവസായമന്ത്രി പി.രാജീവ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, തോട്ടമുടമാ സംഘടനാ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# ജോജു ജോർജിന്റെ കാർ അടിച്ചുതകർത്ത സംഭവത്തിൽ കെപിസിസി പ്രസിഡന്റിന്റെ പരാമർശത്തിനെതിരെ മുഖ്യമന്ത്രി

തിരുവനന്തപുരം: ചലച്ചിത്ര താരം ജോജുവിന്റെ കാർ കോൺഗ്രസ് പ്രവർത്തകർ അടിച്ചു തകർത്ത സംഭവത്തിൽ കെപിസിസി പ്രസിഡന്റ് കെ സുധാകരൻ നടത്തിയ പരാമർശം അക്രമത്തെ ന്യായീകരിക്കുന്നതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സമര സ്ഥലത്തുണ്ടായ സംഭവങ്ങളെക്കുറിച്ച് കെപിസിസി പ്രസിഡന്റ് എന്ത് അന്വേഷണം നടത്തിയിട്ടാണ് ജോജു ജോർജിനെതിരായ പരാമർശം നടത്തിയതെന്നും മുഖ്യമന്ത്രി ചോദിച്ചു. നിയമസഭയിലെ ശൂന്യവേളയിൽ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ നടത്തിയ വാക്കൗട്ട് പ്രസംഗത്തിനിടെ ഇടപെട്ട് സംസാരിച്ച മുഖ്യമന്ത്രി, സുധാകരൻ സ്വീകരിച്ച നിലപാട് ശരിയല്ലെന്നും പറഞ്ഞു. ഇങ്ങനെയാണോ ഒരു കാര്യത്തോടുള്ള പ്രതികരണം നടത്തേണ്ടത്. ഒന്നും അന്വേഷിക്കാതെ ജോജുവിനെ മദ്യപാനിയായി ചിത്രീകരിക്കുന്ന നില സ്വീകരിക്കാൻ പാടുണ്ടായിരുന്നോ. അന്വേഷിക്കുന്നതിന് മുമ്പേ അക്രമത്തെ ന്യായീകരിക്കുകയായിരുന്നില്ലേ സുധാകരനെന്നും മുഖ്യമന്ത്രി ചോദിച്ചു.

# മലയാള ഭാഷാ സഹായ സാങ്കേതിക വിദ്യ സേവനോപാധികൾ മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു

സംസ്ഥാന ഇലക്ട്രോണിക്സ് ആന്റ് വിവരസാങ്കേതികവിദ്യ വകുപ്പിലെ സ്വയം ഭരണസ്ഥാപനമായ ഐസിഫോസ് സാങ്കേതികവിദ്യയുടെ പ്രാദേശികവൽകരണത്തിനായി വികസിപ്പിച്ച ആറ് സോഫ്റ്റ്വെയറുകളും കാഴ്ച പരിമിതിയുള്ള വിദ്യാർത്ഥികൾക്കാലുള്ള 'അക്ഷി' പദപ്രശ്ന പസിൽ ഉപകരണവും മുഖ്യമന്ത്രി പിണറായി വിജയൻ സമൂഹത്തിന് സമർപ്പിച്ചു.

വിവരസാങ്കേതികവിദ്യ പദകോശത്തിന്റെ പ്രകാശനം മുഖ്യമന്ത്രി ഐ റ്റി പ്രിൻസിപ്പൽ സെക്രട്ടറി ബിശ്വനാഥ് സിൻഹയ്ക്ക് നൽകി നിർവ്വഹിച്ചു. ഐസിഫോസിന്റെ സഹായ സാങ്കേതികവിദ്യ

വിഭാഗം കാഴ്ച പരിമിതർക്കായി വികസിപ്പിച്ചെടുത്ത 'അക്ഷി' എന്ന പദപ്രശ്ന ഉപകരണം വഴുതക്കാട് കാഴ്ചപരിമിതർക്കായുള്ള സർക്കാർ വിദ്യാലയത്തിലെ പ്രധാന അദ്ധ്യാപകനായ ആബ്ദുൾ ഹക്കീം കെ എം ന് മുഖ്യമന്ത്രി കൈമാറി. ഐസിഫോസിലെ ഭാഷാസാങ്കേതിക വിഭാഗം വികസിപ്പിച്ചെടുത്ത ധൃതി (ദ്വിഭാഷാ ഒ സി ആർ), പദകോശം, മലയാള രൂപിമാപഗ്രഥനി, മലയാള സമൂഹമാധ്യമദത്ത വിശകലനം, മലയാള വാക്യ സംഗ്രഹം, മലയാളം അക്ഷരപരിശോധിനി, ആസ്കിയൂണികോഡ് കൺവേർട്ടർ തുടങ്ങിയ സോഫ്റ്റ് വെയറുകളുടെ പോർട്ടലിന്റെ പ്രകാശനവും നടന്നു.

നിയമസഭാ മന്ദിരത്തിലെ മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ ഐസിഫോസ് ഡയറക്ടർ ഡോ. എലിസബത്ത് ഷേർളി, റജിസ്ട്രാർ ചിത്ര എം എസ്., ഈഗവേണൻസ് വിഭാഗം മേധാവി ഡോ. രാജീവ് ആർ ആർ, സഹായ സാങ്കേതികവിദ്യ വിഭാഗം കൺസൾട്ടന്റ് ജയദേവ് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

# പെട്രോൾഡീസൽ വില കുതിച്ചുയരുന്നത് ജനങ്ങളോടുള്ള വെല്ലുവിളി

തിരുവനന്തപുരം : നിയന്ത്രണമില്ലാതെ ഇന്ധന വില വർധിപ്പിച്ച് ജനങ്ങൾക്കുമേൽ അധികഭാരം ചുമത്തുന്ന കേന്ദ്ര നയത്തിനെതിരെ കക്ഷി രാഷ്ട്രീയ ഭേദമന്യേ ഒരുമിച്ച് നിൽക്കാൻ നിയമസഭയിൽ അഭ്യർത്ഥിച്ച് ധനമന്ത്രി കെ എൻ ബാലഗോപാൽ. കേരളത്തിൽ മാത്രമല്ല, എല്ലാ സംസ്ഥാനത്തും പെട്രോൾഡീസൽ വില കുതിച്ചുയരുന്നത് രാജ്യത്തെ ജനങ്ങളോടുള്ള കേന്ദ്ര സർക്കാരിന്റെ വെല്ലുവിളിയാണെന്നും പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയ നോട്ടീസിനു മറുപടിയായി മന്ത്രി പറഞ്ഞു.

പെട്രോൾഡീസൽ നികുതിയിൽ വരുത്തിയ കേന്ദ്ര നയം മാറിയേ തീരൂ. ഇന്ധന വില നിർണയ അധികാരം സംസ്ഥാന സർക്കാരിനല്ല. ഇത് നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം കമ്പോളത്തിന് വിട്ടുകൊടുത്തത് യുപിഎ/എൻഡിഎ സർക്കാരുകളാണ്. അന്ന് മുതൽ തുടങ്ങിയതാണ് വിലയിലെ ഈ കുതിച്ചുകയറ്റം. സംസ്ഥാനത്തിന് വീതം വച്ച് നല്കാൻ പോലും സാധിക്കാത്ത തരത്തിലെ നികുതിഘടന മാറ്റുകയും അവയിൽ അമിതമായ വർധനവ് ചുരുങ്ങിയ കാലം കൊണ്ട് വരുത്തുകയും ചെയ്ത കേന്ദ്രനയത്തിനെതിരെയാണ് യഥാർത്ഥത്തിൽ നമ്മൾ അണിചേരേണ്ടത്. കേന്ദ്ര സർക്കാരിൽ നിന്നും ഇതിന്മേലുള്ള ആവശ്യമായ നടപടികൾ ഉണ്ടാവേണ്ടതുണ്ട്. അതിനായുള്ള സമ്മർദ്ദം സംസ്ഥാന സർക്കാരിൽ നിന്നും ഉണ്ടാവുമെന്നും മന്ത്രി നിയമസഭയ്ക്ക് ഉറപ്പു നൽകി.

എൻഡിഎ സർക്കാർ കഴിഞ്ഞ ഏഴ് വർഷം കൊണ്ട് സെസ്സും അഡീഷണൽ സ്പെഷ്യൽ ഡ്യൂട്ടി എന്ന പേരിലും പുതിയ നികുതികൾ കൊണ്ട് വരികയും അവ അനിയന്ത്രിതമായി വർധിപ്പിക്കുകയും ചെയ്തു. ക്രൂഡോയിൽ വിലയിൽ കുറവ് വന്നാൽ പോലും പെട്രോൾ ഡീസൽ വിലയിൽ കുറവ് വരാത്ത രീതിയിൽ ആണ് സെസ്സും അഡീഷണൽ സ്പെഷ്യൽ ഡ്യൂട്ടിയും വർധിപ്പിച്ചത്. 2014 ൽ ഒരു ലിറ്റർ പെട്രോളിന് വെറും 8.276 രൂപ ആയിരുന്ന സെസ്സും സ്പെഷ്യൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടിയും ഫെബ്രുവരി 2021 ആയപ്പോൾ 31.5 രൂപയായി വർധിപ്പിച്ചു. ഇതേ കാലയളവിൽ ഒരു ലിറ്റർ ഡീസലിന്റെ സെസ്സും അഡീഷണൽ സ്പെഷ്യൽ ഡ്യൂട്ടിയും 2.104 രൂപയിൽ നിന്നും 30 രൂപയായി വർധിപ്പിച്ചു. പെട്രോൾ നികുതിയിലുള്ള വർധനവ് 281 ശതമാനവും ഡീസലിന്റെ നികുതി വർധനവ് 1,325 ശതമാനവുമാണ്. കേരളത്തിലാകട്ടെ ഈ കഴിഞ്ഞ അഞ്ചു വർഷകാലയളവിൽ ഒരിക്കൽപോലും പെട്രോൾ ഡീസൽ നികുതികൾ കൂട്ടിയിട്ടില്ല. എന്നു മാത്രമല്ല 2018ൽ നികുതി നിരക്കുകൾ 30.08 ആയും 22.76 ആയും കുറയ്ക്കുകയാണ് ചെയ്തത്.

അടിസ്ഥാന എക്സൈസ് നികുതി 2016 ഇൽ 9.48 രൂപയുണ്ടായിരുന്നത് കുറച്ച് നിലവിലെ 1.4 രൂപയാക്കിയപ്പോൾ പങ്കുവയ്ക്കേണ്ടതില്ലാത്ത സെസ്സ്, അഡീഷണൽ നികുതി, കൃഷി സെസ് ഇനങ്ങളിൽ 31.5 രൂപ കേന്ദ്രം പിരിച്ചെടുക്കുന്നു. സംസ്ഥാനങ്ങളുമായി നികുതി പങ്കുവയ്ക്കുന്നതിൽ മോഡി സർക്കാർ കാണിക്കുന്ന ഇരട്ടത്താപ്പ് യുപിഎ സർക്കാരിൽ നിന്നാണ് കണ്ടുപഠിച്ചത്.

കോവിഡിനെ തുടർന്ന് സംസ്ഥാന നികുതി, നികുതിയിതര വരുമാനത്തിൽ വലിയ കുറവാണ് സംസ്ഥാനം അനുഭവിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ കടമെടുക്കൽ സ്വാതന്ത്ര്യം പോലും നിലവിലെ നിയമത്തിൽ പരിമിതമാണ്. സാമൂഹ്യ പെൻഷന് പ്രതിമാസം 900 കോടിക്കുമേൽ വേണ്ടിവരും. ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പള പെൻഷൻ പരിഷ്കരണത്തിലൂടെ അധികമായി വേണ്ടത് 14,500 കോടി രൂപക്ക് മേൽ. കോവിഡ് തുടരുന്ന പശ്ചാത്തലത്തിൽ ചെലവിനായി ഇനിയും വൻതുക വേണ്ടിവരുമെന്നും ഉറപ്പാണ്. ഈ സാഹചര്യത്തിൽ സംസ്ഥാന നികുതി കുറയ്ക്കുന്നത് വൻ പ്രതിസന്ധിക്ക് കാരണമാകുമെന്നും കണക്കുകൾ അക്കമിട്ട് നിരത്തി ധനമന്ത്രി വിശദീകരിച്ചു. മറുപടിയെ തുടർന്ന് ഷാഫി പറമ്പിൽ അവതരിപ്പിച്ച അടിയന്തര പ്രമേയ നോട്ടീസിന് സ്പീക്കർ എം ബി രാജേഷ് അവതരണാനുതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്നും ഇറങ്ങിപ്പോയി.

# മഞ്ചേരി മെഡിക്കൽ കോളേജിൽ 2 മെഡിക്കൽ പിജി സീറ്റുകൾ കൂടി

മലപ്പുറം മഞ്ചേരി മെഡിക്കൽ കോളേജിൽ രണ്ട് എം.എസ്. ഒഫ്ത്താൽമോളജി സീറ്റുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷൻ അനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. അടുത്തിടെ എം.എസ്. ഇ.എൻ.ടി.യ്ക്ക് 2 സീറ്റുകൾ അനുവദിച്ചിരുന്നു. ഈ വർഷം തന്നെ ഇ.എൻ.ടി. പി.ജി. കോഴ്സുകൾ ആരംഭിക്കാൻ സാധിക്കും. ഇതിലൂടെ ഇ.എൻ.ടി. വിഭാഗത്തിൽ നൂതന ചികിത്സകൾ വരുംകാലങ്ങളിൽ ജനങ്ങൾക്ക് ലഭ്യമാകും. എം.എസ്. ഒഫ്ത്താൽമോളജി കോഴ്സിന് എത്രയും വേഗം അന്തിമാനുമതി വാങ്ങി ഈ വർഷം തന്നെ അഡ്മിഷൻ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2013ൽ ഈ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. ആരംഭിച്ചെങ്കിലും പിജി സീറ്റുകൾക്ക് അനുമതി ലഭ്യമായത് ഈ വർഷമാണ്. എം.എസ്. ഒഫ്ത്താൽമോളജി കോഴ്സ് ആരംഭിക്കുന്നതോടെ നേത്ര രോഗങ്ങൾക്കും വരും കാലങ്ങളിൽ നൂതന ചികിത്സ മെഡിക്കൽ കോളേജിൽ ലഭ്യമാകുമെന്നും മന്ത്രി വ്യക്തമാക്കി.

# അനുഭവങ്ങളുടെ ചെപ്പു തുറക്കുമ്പോൾ പ്രകാശനം ഇന്ന്

തിരുവനന്തപുരം: വൈക്കം ഉദയരാജൻ കരകുളം രചിച്ച് പ്രഭാത് ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ച അനുഭവങ്ങളുടെ ചെപ്പു തുറക്കുമ്പോൾ എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം ഇന്ന് രാവിലെ 10 മണിക്ക് തമ്പാന്നൂർ ടിവി സ്മാരകത്തിൽ നടക്കും. പ്രഭാത് ബുക്ക് ഹൗസ് ജനറൽ മാനേജർ എസ് ഹനീഫാ റാവുത്തറുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഭക്ഷ്യ സിവിൽ സപ്ളൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ ഗ്രന്ഥം പ്രകാശനം ചെയ്യും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.